# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കോട്ടുകാൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തിരുവനന്തപുരം.-695001**

**ഇ-മെയിൽ: lfadtvm@yahoo.in**
**ഫോൺ : 0471-2331231**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.3/1363/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയതി: 04/10/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടുകാൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.3/1363/2024 തീയ്യതി: 04/10/2024

# തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 30-04-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രതാപ് കുമാർ .ആർ | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2024 | 20-07-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-07-2024 | 20-07-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലക്ഷ്മി.വി.എസ്.നായർ, ഓഡിറ്റ് ഓഫീസർ
ശ്രീ.അഭിജിത്ത്.ആർ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി പ്രീതാജാസ്മിൻ ഡി.ആർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ടിനു.കെ.ജെ, സീനിയർഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജെറോംജോസ്.സി | പ്രസിഡന്റ് | 01-04-2023 | 19-12-2023 |
| ശ്രീമതി.ചന്ദ്രലേഖ.കെ | പ്രസിഡന്റ് | 20-12-2023 | 31-03-2024 |
| ശ്രീമതി.ബിന്ദു.പി.വി | സെക്രട്ടറി | 01-04-2023 | 31-03-2024 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഡയാന ജോസ് .എസ് | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ. ബോബി രാജൻ | വെറ്റിനറി സർജൻ | 01-04-2023 | 02-07-2023 |
| ശ്രീ. സുനിൽ വിൽസൺ | വെറ്റിനറി സർജൻ | 03-07-2023 | 31-03-2024 |
| ശ്രീ. കാർത്തികേയൻ | ഫിഷറീസ് ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി. സുചിത്രലത | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 01-06-2023 |
| ശ്രീ. മഹേഷ് കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 02-06-2023 | 30-06-2023 |
| ശ്രീമതി. സുചിത്രലത | അസിസ്റ്റന്റ് എഞ്ചിനീയർ | 01-07-2023 | 13-12-2023 |
| ശ്രീ. മഹേഷ് കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 14-12-2023 | 20-01-2024 |
| ശ്രീമതി. സുചിത്രലത | അസിസ്റ്റന്റ് എഞ്ചിനീയർ | 22-01-2024 | 31-03-2024 |
| ശ്രീമതി. മേരിജോയിസ് | വി.ഇ.ഒ (നോർത്ത്) | 01-04-2023 | 26-12-2023 |
| ശ്രീമതി. സൗമ്യ .യു.കെ | വി.ഇ.ഒ (നോർത്ത്) | 27-12-2023 | 31-03-2024 |
| ശ്രീമതി. സന്ധ്യ | വി.ഇ.ഒ (സൗത്ത്) | 01-04-2023 | 04-07-2023 |
| ശ്രീമതി. സജീഷ | വി.ഇ.ഒ (സൗത്ത്) | 05-07-2023 | 31-03-2024 |
| ശ്രീ. ദിലീപ് ദാസ് .എസ് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2023 | 31-03-2024 |
| ശ്രീമതി. ലീന | ഹെഡ്മിസ്ട്രസ്സ് | 01-04-2023 | 31-05-2023 |
| ശ്രീമതി. ദീപ .എസ്.എസ് | ഹെഡ്മിസ്ട്രസ്സ് | 01-06-2023 | 31-03-2024 |
| ശ്രീമതി. ശിവാംബിക .എസ്.വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ. കൃഷ്ണേന്ദു .ജെ.ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി. ബിന്ദു .പി.വി | സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീ. അനിൽ കുമാർ .ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | അക്യൂമലേറ്റഡ് ഡിപ്രീസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു | 1-1-3 |
| 5 | ഇ-പേമെന്റ് അക്കൗണ്ട്-തുക ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയില്ല | 1-1-4 |
| 6 | സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയില്ല. | 1-1-5 |
| 7 | വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല | 1-1-6 |
| 8 | മുൻ വർഷ ബാലൻസ് ഷീറ്റിലെ തുകയും തൻ വർഷ ട്രയൽ ബാലൻസിലെ ഓപ്പണിംഗ് ബാലൻസും പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-1-8 |
| 10 | വസ്തുനികുതി- വാർഷിക ധനകാര്യ പത്രികയിലെയും സഞ്ചയ സ്റ്റേറ്റ്മെന്റിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | വാർഷിക കണക്കുകൾ പ്രകാരമുള്ള ലൈസൻസ്, തൊഴിൽ നികുതി എന്നിവയിലെ കുടിശ്ശിക വരവ് സംബന്ധിച്ച അപാകതകൾ | 1-1-10 |
| 12 | തൊഴിൽ നികുതി-വാർഷിക ധനകാര്യ പത്രികയും ഡി.സി.ബി യും പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | Directly Debited By Bank തുകകളുടെ വിശദാംശം ലഭ്യമാക്കിയില്ല. | 1-1-12 |
| 14 | മുൻ വർഷങ്ങളിൽ ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക B 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നത് പരിശോധന നടത്തി ക്രമീകരിക്കേണ്ടതാണ് | 1-1-13 |
| 15 | MNREGS-വാർഷിക കണക്കുകളിലെ അപാകതകൾ | 1-1-14 |
| 16 | തെറ്റായ ഹെഡിൽ തുക ഒടുക്കി | 1-1-15 |
| 17 | അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ മറ്റ് അപാകതകൾ | 1-1-16 |
| 18 | ബജറ്റ്-അപാകങ്ങൾ | 1-2-1 |
| 19 | ബജറ്റ് | 1-2 |
| 20 | ഗ്രാന്റ് വിനിയോഗം | 1-3 |
| 21 | സാമ്പത്തിക വിശകലനം | 1-4 |
| 22 | പദ്ധതി അവലോകനം | 1-5 |
| 23 | ക്ഷേമ പദ്ധതികൾ | 1-6 |
| 24 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 25 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 26 | എം.ജി.എൻ.ആർ.ഇ.ജി.എസ്- മെറ്റീരിയൽ കോസ്റ്റ് തനതു ഫണ്ടിൽ നിന്നും അനുവദിച്ചു. | 1-9-1 |
| 27 | ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-9 |
| 28 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 29 | വസ്തുനികുതി 01-04-2023 തീയതി പ്രാബല്യത്തിൽ നിശ്ചയിച്ചില്ല. | 1-11 |
| 30 | വാണിജ്യ കെട്ടിടങ്ങൾക്ക് തെറ്റായ ഉപയോഗക്രമം നൽകി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നു | 1-12 |
| 31 | ലേല കുടിശ്ശിക ഈടാക്കിയില്ല. | 1-13 |
| 32 | തൊഴിൽ നികുതി ഈടാക്കിയില്ല. | 1-14-1 |
| 33 | ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി നിർണ്ണയിച്ച് ഈടാക്കി. | 1-14 |
| 34 | കടമുറിയുടെ വാടക ഈടാക്കിയില്ല | 1-15 |

| | | |
|---|---|---|
| 35 | മൊബൈൽ ടെലഫോൺ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയില്ല | 1-16 |
| 36 | തനത് വരുമാനം - അവലോകനം | 1-17 |
| 37 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം ചെയ്ത പ്രൊജക്ടുകളിലെ അപാകതകൾ | 1-18 |
| 38 | മരുന്ന് ലഭ്യമായില്ല - 1,06,058/-രൂപ തടസ്സം ചെയ്യുന്നു. | 1-19 |
| 39 | വീട്ട് വാടക ബത്ത അധികമായി അനുവദിച്ചു - ചെലവ് നിരാകരിക്കുന്നു (രൂപ 2,21,457/-) | 1-20 |
| 40 | അംഗൻവാടി പുനരുദ്ധാരണം -പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-21 |
| 41 | ഗെയിംസ് ഫെസ്റ്റിവൽ നടത്തിപ്പിലെ - അപാകതകൾ | 1-22 |
| 42 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 9,79,329/-രൂപ തടസ്സപ്പെടുത്തുന്നു. | 1-23 |
| 43 | മരാമത്ത് പദ്ധതികൾ നടത്തിപ്പിലാക്കിയില്ല | 1-24 |
| 44 | ഇ-ടെൻഡർ ഫീസ് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-25 |
| 45 | ബയോഗ്യാസ് പ്ലാന്റ്-പ്രവൃത്തി പൂർത്തീകരിച്ചില്ല 76,354/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-26 |
| 46 | ഹരിത മിത്രം സ്മാർട്ട് ഗാർബേജ് ആപ്പ്-മോണിറ്ററിംഗ് ഫലപ്രദമല്ല. | 1-27 |
| 47 | ലൈഫ് ഭവന പദ്ധതി-നിർമ്മാണം പൂർത്തിയായില്ല | 1-28 |
| 48 | മാലിന്യമുക്ത കേരളം ഹരിതകർമ്മസേന മുഖേന ഗ്രാമപഞ്ചായത്ത് നടത്തുന്ന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ | 1-29 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | വീട്ട് വാടക ബത്ത ₹2,21,457/- അധികമായി അനുവദിച്ചു - ചെലവ് നിരാകരിക്കുന്നു | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 31.05.2024 തീയതിയിലെ 2(1)-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 07.06.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല.

എ) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ തുടങ്ങി അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

ബി) തൻ വർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B-1 ഷെഡ്യൂൾ വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല. നിലവിൽ ഐ.എൽ.ജി.എം.എസിൽ പത്രികകൾ ലഭ്യമല്ലെന്ന് ഓഡിറ്റ് അന്വേഷണം.3/17.07.2024 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7980526 രൂപയാണ്. എന്നാൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 26941562 രൂപയാണ്. മേൽ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.ഓഡിറ്റ് അന്വേഷണം.3/17.07.2024 നുള്ള മറുപടിയിൽ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സോഫ്റ്റ് വെയറിൽ ഓട്ടോമാറ്റിക് ആയി ജനറേറ്റ് ആവുന്നതാണെന്നും എഡിറ്റിംഗ് ഓപ്ഷൻ ലഭ്യമല്ലാത്തതിനാൽ അപാകത പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

## 1-1-3 അക്യുമലേറ്റഡ് ഡിപ്രീസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു

ബാലൻസ് ഷീറ്റ് ബി 11 (A) പ്രകാരം ആകെ അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ 46661960/- രൂപയാണ്. എന്നാൽ ആസ്തിയുടെ ആകെ മൂല്യം ബി11 പ്രകാരം 12480111/- രൂപ മാത്രമാണ്. ആസ്തിയുടെ മൂല്യത്തിലുമധികമായി ഡിപ്രിസിയേഷൻ നൽകിയിരിക്കുന്നു. മുൻവർഷത്തിലും ഇപ്രകാരം ആസ്തിമൂല്യത്തിലുമധികമായി ഡിപ്രിസിയേഷൻ നൽകി കാണുന്നു. ഐ.എൽ.ജി.എം.എസിൽ ഡിപ്രീസിയേഷനുമായി ബന്ധപ്പെട്ട് അതാത് ഹെഡുകൾ ഇല്ലാത്തതിനാലാണ് ഇത് സംഭവിച്ചതെന്ന് ഓഡിറ്റ് അന്വേഷണം നം. 3/17.07.2024 നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-4 ഇ-പേമെന്റ് അക്കൗണ്ട്-തുക ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയില്ല

SBI UCHAKKADA (37368025344) -ാം നമ്പർ E Payment അക്കൗണ്ടിന്റെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheques Deposited But Not Cleared എന്ന ഇനത്തിൽ 31.03.2024 ന് 23,094/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 17,500/- രൂപ 25.04.2023 ലെ വൗച്ചർ നമ്പർ 1230000015 പ്രകാരമുള്ളതാണ്. ഒരു വർഷത്തിലധികമായി ബാങ്കിൽ തുക ക്രഡിറ്റ് ആകാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം.3/17.07.2024 നുള്ള മറുപടിയിൽ മേൽപ്പറഞ്ഞ തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് Cheques Deposited But Not Cleared എന്ന ഇനത്തിലെ വൗച്ചർ നമ്പർ 1230000015 /25.04.2023 പ്രകാരമുള്ള 17,500/- രൂപയുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-1-5 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന അക്രൂവൽ ഇനങ്ങളുടെ ഡിമാന്റ് എൻട്രി പ്രതിമാസം തയ്യാറാക്കിയിട്ടില്ല.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൌച്ചർ നം./ തീയതി |
|---|---|---|
| 110100101 | Property Tax On Residential Buildings | 42301290/31-3-24 |
| 110100102 | Property Tax On Non Residential Buildings | 42301287/31-3-24 |

ഓഡിറ്റ് അന്വേഷണം.3/17.07.2024 നുള്ള മറുപടിയിൽ ഭാവിയിൽ അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള വിവരം അറിയിച്ചിട്ടുണ്ട്.

## 1-1-6 വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല

വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.ബാലൻസ് ഷീറ്റ് B-14 Stock In Hand(Inventories) ൽ തുകകളൊന്നും രേഖപ്പെടുത്തിയിട്ടില്ല.അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം.3/17.07.024 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

## 1-1-7 മുൻ വർഷ ബാലൻസ് ഷീറ്റിലെ തുകയും തൻ വർഷ ട്രയൽ ബാലൻസിലെ ഓപ്പണിംഗ് ബാലൻസും പൊരുത്തപ്പെടുന്നില്ല.

മുൻ വർഷ വാർഷിക ധനകാര്യ പത്രികയിലെ B-1 ലെ 310900101 പ്രകാരമുള്ള Excess Of Income Over Expenditure 29084012 രൂപയാണ്.എന്നാൽ തൻ വർഷ വർഷ വാർഷിക ധനകാര്യ പത്രികയിലെ ട്രയൽ ബാലൻസിൽ മേൽപ്പറഞ്ഞ ഹെഡിന്റെ ഓപ്പണിംഗ് ബാലൻസ് 29080710 ആണ്.ഓഡിറ്റ് അന്വേഷണം.3/17.07.2024 നുള്ള മറുപടിയിൽ ഐ.എൽ.ജി.എം.എസിൽ ഓട്ടോമാറ്റിക് ആയി ജനറേറ്റ് ആവുന്ന റിപ്പോർട്ടാണെന്നും എഡിറ്റിംഗ് ഓപ്ഷൻ ലഭ്യമല്ലാത്തതിനാൽ അപാകത പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെന്നും ആയത് ലഭ്യമാകുന്ന മുറക്ക് അപാകത പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-1-8 റീകൺസിലിയേഷൻ സ്റ്റേറ്റ്മന്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ഐ.എൽ.ജി.എം.എസിൽ റികൺസിലിയേഷൻ പരിശോധിച്ചപ്പോൾ KGB WRONG ബാങ്ക് അക്കൗണ്ട് (അക്കൗണ്ട് നം.1) എന്ന് രേഖപ്പെടുത്തിയ ആക്ടീവ് അല്ലാത്ത അക്കൗണ്ട് സ്റ്റേറ്റ്മന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.കൂടാതെ CANARA BANK- HEALTH GRANT RURAL PHC-(അക്കൗണ്ട് നം-110044294546) അക്കൗണ്ടിന്റെ രണ്ട് എൻട്രികൾ ഐ.എൽ.ജി.എം.എസ് റികൺസിലിയേഷനിൽ രേഖപ്പെടുത്തിയിട്ടുണ്ട്.ഓഡിറ്റ് അന്വേഷണം.3/17.07.2024 നുള്ള മറുപടിയിൽ ഐ.കെ.എം നെ അറിയിച്ച് അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-1-9 വസ്തുനികുതി- വാർഷിക ധനകാര്യ പത്രികയിലെയും സഞ്ചയ സ്റ്റേറ്റ്മന്റിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രികയിലെയും സഞ്ചയ സ്റ്റേറ്റ്മന്റിലെയും വസ്തുനികുതി ഡിമാന്റ്/കളക്ഷൻ തുകകൾ പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

Residential

| | ഡിമാന്റ്(തൻ വർഷം) | കളക്ഷൻ(തൻവർഷം) |
|---|---|---|
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 3256815 (I -1) | 3233217 (RP-45 Current Year+B-9 -Previous Year ) |
| സഞ്ചയ പ്രകാരം | 3257394 | 3235201 |

Non Residential

| | ഡിമാന്റ്(തൻ വർഷം) | കളക്ഷൻ(തൻവർഷം) |
|---|---|---|
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 5842881 (I -1) | 5793031 (RP-45 Current Year+B-9 -Previous Year ) |
| സഞ്ചയ പ്രകാരം | 5942398 | 5894928 |

ഓഡിറ്റ് അന്വേഷണം.03/17.07.2024 നുള്ള മറുപടിയിൽ അപാകത പരിഹരിക്കുന്നതാണെന്നുള്ള വിവരം അറിയിച്ചിട്ടുണ്ട്.

## 1-1-10 വാർഷിക കണക്കുകൾ പ്രകാരമുള്ള ലൈസൻസ്, തൊഴിൽ നികുതി എന്നിവയിലെ കുടിശ്ശിക വരവ് സംബന്ധിച്ച അപാകതകൾ

1. തൻ വർഷ RP-45പ്രകാരം 18400/- രൂപ Profession Tax കുടിശ്ശിക ആയി വരവുണ്ട്.

2. തൻ വർഷ RP-45പ്രകാരം 10700/- രൂപ FATEAOS Licence Arrears ആയി വരവുണ്ട്.

എന്നാൽ ഡി.സി.ബി രജിസ്റ്ററുകൾ പരിശോധിച്ചതിൽ മുൻ വർഷം ഈയിനത്തിൽ കുടിശ്ശിക തുകകൾ ലഭിക്കാനില്ല എന്ന് വ്യക്തമായിട്ടുണ്ട്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം.3/17.07.2024 നുള്ള മറുപടിയിൽ ഡി.സി.ബി യിലും വാർഷിക ധനകാര്യപത്രികയിലും ഡിമാന്റ് കൃത്യമായി കണക്കാക്കാതെ രേഖപ്പെടുത്തലുകൾ വരുത്തിയതിനാലാണ് ഇത് സംഭവിച്ചതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-11 തൊഴിൽ നികുതി-വാർഷിക ധനകാര്യ പത്രികയും ഡി.സി.ബി യും പൊരുത്തപ്പെടുന്നില്ല.

I-1 പ്രകാരം Profession Tax-Employees ഡിമാന്റ് 3214940 ആണ്.RP-1 പ്രകാരം വരവ് 3167190 ആണ്.ഡി.സി.ബി പ്രകാരം ഡിമാന്റും വരവും 3167190 രൂപയാണ്.ഓഡിറ്റ് അന്വേഷണം.3/17.07.2024 നുള്ള മറുപടിയിൽ യഥാർത്ഥ ഡിമാന്റും കളക്ഷനും 3214940 രൂപയാണെന്നും 31.03.24 ന് ഐ.എൽ.ജി.എം.എസ് സെർവർ തകരാറിലായത് കാരണം മാനുവൽ രസീത് പ്രകാരം 47750 രൂപ സ്വീകരിക്കേണ്ടി വന്നതിനാലാണ് ഇത് സംഭവിച്ചതെന്നും മറുപടി നൽകിയിട്ടുണ്ട്.വാർഷിക കണക്കുകളിലും ഡി.സി.ബി യിലും പ്രസ്തുത തുക ഉൾപ്പെടുത്തി അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-12 Directly Debited By Bank തുകകളുടെ വിശദാംശം ലഭ്യമാക്കിയില്ല.

KERALA GRAMIN BANK- CFC അക്കൗണ്ട് നമ്പർ 40682101051676 ന്റെ റീകൺസിലിയേഷൻ പരിശോധിച്ചതിൽ Directly Debited By Bank എന്ന് രേഖപ്പെടുത്തി 1,68,943/- രൂപ കുറവ് ചെയ്തിട്ടുണ്ട്. ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം 3/17.07.2024 നുള്ള മറുപടിയിൽ CFC ഫണ്ട് ഉപയോഗിച്ച് അസിസ്റ്റന്റ് എൻജിനീയർ,സെക്രട്ടറി എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായ പ്രൊജക്റ്റുകളുടെ നിർബന്ധിത ഡിഡക്ഷനുകൾ(ഐ.റ്റി,ജി.എസ്.റ്റി മുതലായവ) സെൽഫ് ചെക്ക് മുഖാന്തിരം പിൻവലിച്ച തുകയാണിതെന്നും ആയത് ബന്ധപ്പെട്ട ഹെഡുകളിലേക്ക് ഒടുക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.എന്നാൽ ഒടുക്ക് വിവരം സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല.Directly Debited By Bank എന്ന് രേഖപ്പെടുത്തി പിൻവലിച്ച 1,68,943/- രൂപയുടെ ചെലവിന്റെ വിശദാംശം ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

## 1-1-13 മുൻ വർഷങ്ങളിൽ ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക B 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നത് പരിശോധന നടത്തി ക്രമീകരിക്കേണ്ടതാണ്

ഹെഡ് കോഡ് 460500201, 460500202 പ്രകാരം കെ.എസ്.ഇ.ബി യിലും വാട്ടർ അതോറിറ്റിയിലും യഥാക്രമം 1,13,83,479/- രൂപയും 68,76,389/- രൂപയും ഡെപ്പോസിറ്റായി അവശേഷിക്കുന്നു. മുൻ വർഷങ്ങളിൽ ഡെപ്പോസിറ്റ് നൽകിയിട്ടുള്ള പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും പൂർത്തിയായിട്ടുണ്ടെങ്കിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തുകകൾ B-18 ഷെഡ്യൂളിൽ നിന്നും മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-1-14 MNREGS-വാർഷിക കണക്കുകളിലെ അപാകതകൾ

MNREGS ലെ ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റും വാർഷിക കണക്കുകളുമായി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. എല്ലാ ഗുണഭോക്താക്കൾക്കും തുക നേരിട്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നില്ല.SBI NREGS അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത ശേഷമാണ് തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നത്.2023-24 സാമ്പത്തിക വർഷം ഇത്തരത്തിൽ 584335 രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

2.NREGS 160100628 ഹെഡിൽ ആകെ 69,429,460 രൂപ ക്രഡിറ്റ് ആയിട്ടുണ്ട്.മേൽപ്പറഞ്ഞ തുകയിൽ വൗച്ചർ നമ്പർ

42300906/31.03.2024 പ്രകാരം ക്രഡിറ്റ് ആയ 1,411,820 രൂപയുടെ വിവരം NREGS കാഷ് ബുക്കിൽ ലഭ്യമല്ല.ടി തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയില്ല.

3.RP-21 NREGS ചെലവിൽ അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ മാത്രമാണ് ഉൾപ്പെടുത്തേണ്ടത്.എന്നാൽ അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ ഉൾപ്പെടുത്താതെ SBI- NREGS അക്കൗണ്ടിൽ നിന്നും ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തതിന്റെ ചെലവ് തുകയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-1-15 തെറ്റായ ഹെഡിൽ തുക ഒടുക്കി

Market Receipt കുടിശ്ശികവരവ് തുകയായ 2000/- രൂപ(V.No.1230200094) RP-45 Market Receipt-Arrears ഹെഡിൽ ഒടുക്കാതെ 150120103 -Receipt From Auction Of Obsolete Assets എന്ന ഹെഡിൽ ഒടുക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം.17/27.07.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-16 അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ മറ്റ് അപാകതകൾ

ബാലൻസ് ഷീറ്റിലെ B-4 320800101 ഹെഡിൽ(ഗുണഭോക്തൃ വിഹിതം) 74848 രൂപ നീക്കിയിരിപ്പുണ്ട്.2022-23 വർഷവും ഹെഡിൽ ഇതേ തുക നീക്കിയിരിപ്പുണ്ട്.ഗുണഭോക്തൃ വിഹിതമായി ഒടുക്കേണ്ട തുകയിൽ മുൻ വർഷങ്ങളിൽ നീക്കിയിരിപ്പ് വന്നതിനുള്ള കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം.3/17.07.2024 നുള്ള മറുപടിയിൽ തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല.ഗുണഭോക്തൃ വിഹിതമായി ഒടുക്കേണ്ട തുകയിൽ ഇത്തരത്തിൽ നീക്കിയിരിപ്പ് വന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-2-1 ബജറ്റ്-അപാകങ്ങൾ

1)02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.എന്നാൽ മേൽപ്പറഞ്ഞ രീതിയിൽ പ്രതിമാസ അവലോകനം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

2)02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള വാർഷിക അവലോകനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3)ബജറ്റ് തയ്യാറാക്കുന്നതിനായി തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറണ്ട് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ് ചാർജ്) തുടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യകത പട്ടിക രൂപത്തിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. ഘടകസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ആവശ്യകതാ പട്ടിക പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

4)02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(Ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം
2. ബജറ്റ് കുറിപ്പുകൾ
3. പെർഫോമൻസ് ബജറ്റ്

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല.

## 1-2 ബജറ്റ്

2023-24 ലെ ബജറ്റ് 27.03.2023 ലെ ഭരണസമിതി സാധാരണ യോഗം 1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. കൂടാതെ 2023-24 ലെ പരിഷ്കരിച്ച ബജറ്റ് 11.01.2024 ലെ ഭരണസമിതി സാധാരണ യോഗം നമ്പർ തീരുമാനം 24 (1) പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ്/പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | പരിഷ്കരിച്ച ബജറ്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക |
|---|---|---|
| മുന്നിരിപ്പ് | 24286991 | 21936991 |
| വരവ് | 333940000 | 312952467 |
| ആകെ | 358226991 | 334889458 |
| ചെലവ് | 352415000 | 327080000 |
| നീക്കിയിരിപ്പ് | 5811991 | 7809458 |

## 1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റുകളുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കീയിരിപ്പ് |
|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 31496065 | 33813067 | -2317002 |
| വികസന ഫണ്ട് SCP | 0 | 7476548 | 7742897 | -266349 |
| വികസന ഫണ്ട് TSP | 0 | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC Tied) | 0 | 4562500 | 4077804 | 484696 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC Untied) | 0 | 6083000 | 6362201 | -279201 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 9219350 | 5017885 | 4201465 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം | 0 | 4373400 | 4314507 | 58893 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (CSS) | 0 | 0 | 3524947 | -3524947 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (SSS) | 0 | 0 | 0 | 0 |

1.മേഖലാ-തല ഗ്രാന്റ് വിനിയോഗം

ഗ്രാമപഞ്ചായത്തിൽ 2023-24 വർഷത്തിൽ മേഖലാ അടിസ്ഥാത്തിൽ പദ്ധതി മാർഗ്ഗരേഖ പ്രകാരം തുക വകയിരിത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖലാ അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (വായ്പ/ ഗുണഭോക്തൃ വിഹിതം, മറ്റുള്ളവ ഒഴികെ) | ചെലവ് (വായ്പ/ ഗുണഭോക്തൃ വിഹിതം, മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം (%) |
|---|---|---|---|---|
| **ഉല്പാദനം** | പൊതുവിഭാഗം | 16580084 | 8231340 | 49.64 |
| | പട്ടിക ജാതി | 1172110 | 0 | 0 |
| **സേവനം** | പൊതുവിഭാഗം | 95808213 | 50747900 | 52.96 |
| | പട്ടിക ജാതി | 85878342 | 11299109 | 13.15 |
| **പശ്ചാത്തലം** | പൊതുവിഭാഗം | 32289410 | 13474991 | 41.73 |
| | പട്ടിക ജാതി | 92000 | 65778 | 71.49 |

1. ഹെൽത്ത് ഗ്രാന്റ് പ്രകാരമുള്ള വരവ്, ചെലവ് വിശദാംശങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. 2023-24 വർഷം നീക്കിയിരിപ്പായി അവശേഷിക്കുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | തുക | വിഹിതം നൽകിയ സ്ഥാപനം |
|---|---|---|---|
| 1 | 320700204 | 581158 | ബ്ലോക്ക് പഞ്ചായത്ത് |
| 2 | 320700205 | 6150 | ജില്ലാ പഞ്ചായത്ത് |

3.വനിതകൾ, വൃദ്ധർ, ഭിന്നശേഷിക്കാർ എന്നീ വിഭാഗങ്ങൾക്കായി ചുവടെ പറയുന്ന പദ്ധതികൾക്കായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവ് ചെയ്തിട്ടില്ല

| വിഭാഗം | പ്രൊജക്ട് | അടങ്കൽ തുക |
|---|---|---|
| Special Programme For Old Age | 48,പാഥേയം | 1123200 |
| Differently Abled | 24, സ്പീച്ച് ബിഹേവിയർ ഒക്കുപ്പേഷണൽ തെറാപ്പി | 100000 |
| | 302, ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ | 576300 |
| Women Component Plan | 51, പരമ്പരാഗത കൈതൊഴിലാളികളുടെ വനിതാ ഗ്രൂപ്പ് സംരഭകർക്ക് ധനസഹായം, എസ്.സി. | 1172110 |
| | 52, വനിതാ ഗ്രൂപ്പ് സംരഭകർക്ക് സഹായം | 1900000 |

4.ഗ്രാന്റ് സ്റ്റേറ്റുമെന്റ് പ്രകാരം ഉള്ള CSS Fund, SSS Fund എന്നിവയുടെ ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

5.ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ഡവലപ്മെന്റ് ഫണ്ട് ജനറൽ,ഡവലപ്മെന്റ് ഫണ്ട്-എസ്.സി.പി, CSS ഫണ്ട്, SSS ഫണ്ട് എന്നിവയുടെ നീക്കിയിരിപ്പ് നെഗറ്റീവ് ആണ്.

6.പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗരേഖ ഖണ്ഡിക 6.1 പ്രകാരം പട്ടിക ജാതി ഉപപദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ല.പട്ടിക ജാതി ഉപപദ്ധതിക്കായി ലഭിച്ച 9362000 രൂപയിൽ 7742897 രൂപ മാത്രമാണ് ചെലവഴിച്ചത്.

7.സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കൊന്നും തന്നെ ബ്ലോക്ക്- ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ല.
മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം.8/19.07.2024 ന് മറുപടി

ലഭ്യമാക്കിയിട്ടില്ല.

8.Buds School Development നായി ലഭിച്ച തുകയായ 1277000 രൂപ ചെലവാക്കിയില്ല.

B-4 -320200399 ഹെഡിൽ Buds School Development നായി ലഭിച്ച തുകയായ 1277000 രൂപ ചെലവാക്കാതെ നീക്കിയിരിപ്പുണ്ട്.ലഡ്ജർ പരിശോധിച്ചതിൽ 31.10.2023 ന് റസീപ്റ്റ് ചെയ്ത തുക ചെലവാക്കാത്തതിനുള്ള കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം.17/20.07.2014 ന് മറുപടി ലഭ്യമാക്കിയില്ല.

9.സംയുക്ത പ്രൊജക്ടിൽ ചെലവഴിക്കാത്ത തുക ബാലൻസ് ഷീറ്റിലെ ലയബിലിറ്റി ഹെഡിലേക്ക് മാറ്റിയില്ല.

B4 ലെ 320700204 ഹെഡിലെ Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayath -ൽ 581158 രൂപ( 2022-23 സാമ്പത്തിക വർഷം മുതൽ )ചെലവാക്കാതെ അവശേഷിക്കുന്നതായി കാണുന്നു.മേൽപ്പറഞ്ഞ തുക ബാലൻസ് ഷീറ്റിലെ ലയബിലിറ്റിയിലേക്ക് മാറ്റിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം.3/17.07.2024 നുള്ള മറുപടിയിൽ തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല.

10.2022-23 വർഷത്തെ ബി 9 ഷെഡ്യൂളിൽ ബാധ്യതയായി നിലനിർത്തിയിരുന്ന ചുവടെ ചേർക്കുന്ന തുകകൾ 2023-24ലും ബന്ധപ്പെട്ട ഹെഡ്ഡുകളിലേയ്ക്ക് തിരികെ ഒടുക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | കോഡ് | ഇനം | 2023-24 ധനകാര്യപത്രിക പ്രകാരമുള്ള തുക |
|---|---|---|---|
| 1 | 350200119 | Recoveries Payable-Covid | 146400 |

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണം.3/17.07.2024 നുള്ള മറുപടിയിൽ തുകകൾ ഒടുക്കുന്നതിനായി വ്യക്തമായ സർക്കാർ ഉത്തരവ് ഇല്ലാത്തതിനാലാണ് ഇത്തരത്തിൽ ബാധ്യതാ ഹെഡിൽ തുക നിലനിർത്തിയിട്ടുള്ളതെന്നും സർക്കാർ ഉത്തരവ് ലഭ്യമാകുന്ന മുറക്ക് തുക ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 33666183 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 92765048 |
| ആകെ | 126431231 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 84784522 |
| നീക്കിയിരിപ്പ് | 41646709 |

## 1-5 പദ്ധതി അവലോകനം

(എ) 2023-24 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 0 | 1315000 | 1259000 | 95.74 |
| വെറ്റിനറി സർജ്ജൻ | 4 | 3 | 1 | 2462200 | 2357200 | 95.74 |
| മെഡിക്കൽ ഓഫീസർ (FHC) | 19 | 14 | 5 | 7582950 | 4602827 | 60.70 |
| മെഡിക്കൽ ഓഫീസർ (AYUR) | 0 | 0 | 0 | 0 | 0 | 0 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 2 | 1 | 485000 | 445000 | 91.75 |
| വി.ഇ.ഒ | 20 | 12 | 8 | 125114080 | 29647682 | 23.69 |
| ഹെഡ്മിസ്ട്രസ്സ് | 5 | 4 | 1 | 1266000 | 1061952 | 83.88 |
| അസി.എഞ്ചിനീയർ | 87 | 33 | 54 | 13599476 | 3984792 | 34.12 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 23 | 18 | 5 | 8538329 | 6391393 | 74.85 |

| | | | | | | |
|---|---|---|---|---|---|---|
| ഡയറി ഫാം ഇൻസ്പക്ടർ | 1 | 1 | 0 | 6600000 | 3027130 | 45.72 |
| സെക്രട്ടറി | 55 | 37 | 18 | 26663919 | 17974083 | 67.4 |
| അസി.സെക്രട്ടറി | 23 | 11 | 12 | 8336619 | 289825 | 13 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 0 | 200000 | 200000 | 100 |

**(ബി)ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)**

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 45303034 | 33813067 | 74.63 |
| എസ്.സി.പി. | 11155452 | 7742897 | 69.4 |
| ടി.എസ്.പി | 0 | 0 | 0 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 21217061 | 10440005 | 49.2 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 7383276 | 3524947 | 47.7 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 86488224 | 5774554 | 66.7 |
| തനത് ഫണ്ട് | 2495850 | 1352748 | 54.19 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 10902875 | 5508005 | 50.51 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 13151795 | 4764875 | 36.22 |
| മെയിന്ററനൻസ് നോൺ റോഡ് | 8112074 | 4314507 | 53.18 |
| മെയിന്ററനൻസ് റോഡ് | 18616026 | 5017885 | 26.95 |
| ഹെൽത്ത് ഗ്രാന്റ് | 1786350 | 529214 | 29.62 |
| മറ്റുള്ളവ | 51939848 | 17227194 | 33.16 |
| ആകെ | 271864848 | 10009898 | 36.78 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 247 | 149 | 98 | 226612017 | 82782704 | 41.23 % |

**ആസൂത്രണ സമിതി**

**വർക്കിംഗ് ഗ്രൂപ്പ്**

സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ പ്രകാരം14 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്.

**സ്റ്റാറ്റസ് റിപ്പോർട്ട്**

നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന ഓരോ മേഖലിയിലേയും വികസന വിടവുകൾ കണ്ടെത്തി പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്.

**വായ്പ**

വായ്പാ സാധ്യതകൾ ഉപയോഗപ്പെടുത്തി പദ്ധതികൾ ആവിഷ്കരികരിച്ച് നടപ്പിലാക്കിയില്ല.

**തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം**

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച്, പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

**കുടുംബശ്രീ**

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

**നൂതന പ്രോജക്ടുകൾ**

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.

**CSRഫണ്ട്**

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടില്ല.

## 1-6 ക്ഷേമ പദ്ധതികൾ

2023-24 വർഷം ഗ്രാമപഞ്ചായത്ത് ക്ഷേമപദ്ധതികൾക്കായി ചെലവു ചെയ്ത തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5,339,600 | 432 |
| വാർദ്ധക്യകാലപെൻഷൻ | 31,105,800 | 3162 |
| വിധവ പെൻഷൻ | 14,839,700 | 1439 |
| വികലാംഗപെൻഷൻ | 6,368,100 | 575 |
| വിവാഹധനസഹായം | 540,000 | 18 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 437,200 | 41 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.07.2024 തീയതിയിൽ 02.15 PM സമയത്ത് ഉത്തരവാദത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1848/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

തനത് വരുമാനം ഈടാക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലൈസൻസ് ലഭിക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

വസ്തുനികുതി 01-04-2023 തീയതി പ്രാബല്യത്തിൽ പുതുക്കി നിശ്ചയിച്ചില്ല.
മോണിറ്ററിംഗ് സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

വാർഷിക പദ്ധതികൾ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-9-1 എം.ജി.എൻ.ആർ.ഇ.ജി.എസ്- മെറ്റീരിയൽ കോസ്റ്റ് തനതു ഫണ്ടിൽ നിന്നും അനുവദിച്ചു.

MGNREGS പദ്ധതി പ്രകാരം വിവിധ പ്രവർത്തികൾ പൂർത്തീകരിച്ച അനിത. ആർ.ആർ, സരോജം.എസ്, സുനി എന്നിവർക്ക് മെറ്റീരിയൽ കോസ്റ്റ് ഇനത്തിൽ നൽകേണ്ടിയിരുന്ന തുക യഥാക്രമം 80298/-, 82262/-, 88759/- രൂപ MGNREGSന്റെ ഫണ്ടിൽ നിന്നും നൽകാതെ തനതു ഫണ്ടിൽ നിന്നും നൽകിയിരിക്കുന്നു. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും പ്രവർത്തി പൂർത്തീകരിച്ചിട്ടും മെറ്റീരിയൽ കോസ്റ്റ് ഇനത്തിൽ ലഭിക്കേണ്ട തുക ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ പ്രസ്തുത ഗുണഭോക്താക്കൾ MGNREGS ഓംബുഡ്സ്മാന് പരാതി നൽകുകയും ഓംബുഡ്സ്മാന്റെ ഉത്തരവിന്റേയും കമ്മിറ്റി തീരുമാനത്തിന്റേയും അടിസ്ഥാനത്തിൽ മേൽ പറഞ്ഞ തുകകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുകയാണുണ്ടായത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/2024 തീ. 22.07.2024) മറുപടി ലഭ്യമാക്കിയില്ല. തനതു ഫണ്ടിൽ നിന്നും മെറ്റീരിയൽ കോസ്റ്റ് ഇനത്തിൽ നൽകിയ 2,51,319/- രൂപ (80298+ 82262+ 88759) NREGS ഫണ്ടിൽ നിന്നും ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-9 ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 137265 | 1360357 | 1497622 | 1360180 | 549169 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്. | 0 | 68196896 | 68196896 | 68196896 | 0 |
| ആകെ | 137265 | 69557253 | 69694518 | 69557076 | 549169 |

വാർഷിക ധനകാര്യ പത്രികയിലെ വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 8/2022 | 2021-22 | 9/2022 |
| അകൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23/3/2015 | 2014-15 | 2.7.2015 |

## 1-11 വസ്തുനികുതി 01-04-2023 തീയതി പ്രാബല്യത്തിൽ നിശ്ചയിച്ചില്ല.

കേരള സർക്കാർ തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05-04-2023 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 25/23/LSGD വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ കോട്ടുകാൽ ഗ്രാമപഞ്ചായത്ത് പുതുക്കിയ വസ്തുനികുതി നിരക്ക് നിശ്ചയിച്ച് 09-08-2023 ൽ SC3/2424/2023 നമ്പർ അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്. മേൽ സർക്കാർ വിജ്ഞാപന പ്രകാരവും, പഞ്ചായത്തിന്റെ അന്തിമ വിജ്ഞാപന പ്രകാരവും 01-04-2023 തീയതി പ്രാബല്യത്തിലാണ് പുതുക്കിയ നിരക്ക് പ്രകാരം വസ്തുനികുതി നിർണ്ണയിക്കേണ്ടത്. 01-04-2023 തീയതി മുതൽ 09-08-2023 വരെ പഴയ നിരക്കിലാണ് പഞ്ചായത്ത് വസ്തുനികുതി നിർണ്ണയിച്ചത്. ഈ കാലയളവിൽ പഴയ നിരക്കിൽ നിർണ്ണയിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി 01-04-2023 പ്രാബല്യത്തിൽ നിലവിലും പുനർ നിർണ്ണയിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക-1

| ക്രമ നം. | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | സഞ്ചയയിൽ സൈൻ ചെയ്തത് | പഴയ നിരക്കിൽ നിർണ്ണയിച്ചത് | | പുതിയ നിരക്കിൽ നിർണ്ണയിക്കേണ്ടത് | |
|---|---|---|---|---|---|---|---|
| | | | | ഉപയോഗ ക്രമം | അടിസ്ഥാന വസ്തു നികുതി നിരക്ക്/ ച.മീ | ഉപയോഗ ക്രമം | അടിസ്ഥാന വസ്തു നികുതി നിരക്ക്/ ച.മീ |
| 1 | 16/486/C | 189.56 | 18-05-2023 | പാർപ്പിടാവശ്യം | 7 | സ്വന്തം താമസത്തിനു പയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ, (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ) - 300 ച.മീ വരെയുള്ളവ | 8 |
| 2 | 13/293/A | 360.57 | 04-07-2023 | പാർപ്പിടാവശ്യം | 7 | സ്വന്തം താമസത്തിനു പയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ, (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ) - 300 ച.മീ വരെയുള്ളവ | 8 |

ചില കെട്ടിടങ്ങൾ അന്തിമ വിജ്ഞാപനത്തിന് ശേഷം സൈൻ ചെയ്തതാണെങ്കിലും പുതിയ നിരക്കിൽ അല്ല വസ്തുനികുതി നിർണ്ണയിച്ചത്. ഉദാഹരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക-2

| ക്രമ നം. | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | സഞ്ചയയിൽ സൈൻ ചെയ്തത് | പഴയ നിരക്കിൽ നിർണ്ണയിച്ചത് | | പുതിയ നിരക്കിൽ നിർണ്ണയിക്കേണ്ടത് | |
|---|---|---|---|---|---|---|---|
| | | | | ഉപയോഗ ക്രമം | അടിസ്ഥാന വസ്തു നികുതി നിരക്ക്/ ച.മീ | ഉപയോഗ ക്രമം | അടിസ്ഥാന വസ്തു നികുതി നിരക്ക്/ ച.മീ |
| 1 | 8/179/A | 135.08 | 18-08-2023 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 70 | വാണിജ്യാവശ്യം - 100 ച.മീ മുകളിൽ 500 ച.മീ വരെയുള്ളവ | 80 |
| 2 | 7/127/B | 176.81 | 04-09-2023 | പാർപ്പിടാവശ്യം | 7 | സ്വന്തം താമസത്തിനുപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ, (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ) - 300 ച.മീ വരെയുള്ളവ | 8 |

സർക്കാർ വിജ്ഞാപന പ്രകാരവും, പഞ്ചായത്തിന്റെ അന്തിമ വിജ്ഞാപന പ്രകാരവും 01-04-2023 തീയതി പ്രാബല്യത്തിലാണ് പുതുക്കിയ നിരക്ക് പ്രകാരം വസ്തുനികുതി നിർണ്ണയിക്കേണ്ടതെങ്കിലും 01-04-2023 തീയതി മുതൽ 09-08-2023 വരെ പഴയ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പുതിയ നിരക്കിൽ വസ്തു നികുതി പുനർ നിർണ്ണയിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറിക്ക്(05/18-07-2024) പുതുക്കിയ ടാക്സ് റേറ്റ് സെറ്റിംഗ്സ് 20-09-2023 ൽ ആണ് കോട്ടുകാൽ ഗ്രാമപഞ്ചായത്ത് സഞ്ചയയിൽ അപ്ഡേറ്റ് ചെയ്തതെന്നും ടി തീയതി മുതൽ മാത്രമാണ് പുതുക്കിയ രീതിയിലുള്ള ടാക്സ് സഞ്ചയയിൽ അപ്ഡേറ്റ് ചെയ്തതെന്നും പരാമർശം സംബന്ധിച്ച് ഐ.കെ.എം ന്റെ ശ്രദ്ധയിൽപെടുത്താമെന്നും മറുപടി ലഭ്യമാക്കി. സർക്കാർ വിജ്ഞാപനം, പഞ്ചായത്തിന്റെ അന്തിമ വിജ്ഞാപനം എന്നിവ പ്രകാരം മേൽ സൂചിപ്പിച്ച വിഭാഗത്തിലുൾപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-12 വാണിജ്യ കെട്ടിടങ്ങൾക്ക് തെറ്റായ ഉപയോഗക്രമം നൽകി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നു

താഴെ ചേർത്ത കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം സഞ്ചയ പ്രകാരം 100 ച.മീറ്ററിന് മുകളിലാണ്. എന്നാൽ സഞ്ചയയിൽ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ, എന്ന ഉപയോഗക്രമമാണ് ഇവക്ക് നൽകിയിരിക്കുന്നത്. ഈ ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 40 രൂപ/ച.മീറ്ററും, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ, എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 70 രൂപ/ച.മീറ്ററുമാണ് വസ്തുനികുതി നിരക്കായി കോട്ടുകാൽ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരുന്നത്. ആയതിനാൽ ഈ കെട്ടിടങ്ങൾക്ക് തെറ്റായ ഉപയോഗക്രമം നൽകിയത് മുഖേന താഴെ ചേർത്ത പ്രകാരം വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് ഉണ്ടായിട്ടുണ്ട്.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച.മീ) | 40 രൂപ/ ച.മീറ്റർ പ്രകാരം ഈടാക്കിയ വസ്തുനികുതി | 70 രൂപ/ ച.മീറ്റർ പ്രകാരം ഈടാക്കേണ്ട വസ്തുനികുതി | പ്രതി വർഷം വസ്തു നികുതി കുറവ് (2022 രണ്ടാം അർദ്ധ വർഷം വരെ) | വസ്തുനികുതി നിർണ്ണയിച്ച വർഷം | 2023 വർഷം വസ്തു നികുതി ഈടാക്കിയതിൽ കുറവ് (5% അടിസ്ഥാന വസ്തുനികുതി വർദ്ധിപ്പിച്ചതനുസരിച്ച്) | 2023 രണ്ടാം അർദ്ധ വർഷം വരെ ആകെ വസ്തു നികുതി ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|---|---|---|---|---|
| 1 | 6/160/B | ആർ.സുരേന്ദ്രൻ, ,വാറുതട്ട്, വേങ്ങപൊറ്റ, കഴിവൂർ.പി.ഒ | 109.22 | 4368.8+ 873.76 (വഴി സൌകര്യം 20% വർദ്ധനവ്) = 5243/- | 7645.4 + 1529.08 = 9175/- | 3932/- | 2022 ഒന്നാം അർദ്ധ വർഷം | 9634 (ഈടാക്കേണ്ട തുക) - 5506 (ഈടാക്കിയ തുക) =4128/- (കുറവ്) | 8060/- (3932 + 4128) |
| 2 | 11/471/A | രാജേഷ് എസ്, ക്രിസ് ടവർ, ചൊവ്വര | 152.1 | 6084 + 1216.8 (വഴി സൌകര്യം 20% വർദ്ധനവ്) = 7301/- | 10647 + 2129.4 = 12777/- | 5476/- | 2018 ഒന്നാം അർദ്ധവർഷം | 13416-7667 =5749/- | 33129/- (5476x5 + 5749) |
| 3 | 11/471/B | രാജേഷ് എസ്, ക്രിസ് ടവർ, ചൊവ്വര | 152.1 | 6084 + 1216.8 (വഴി സൌകര്യം 20% വർദ്ധനവ്) - 365.05 (ബഹുനില വാണിജ്യാവശ്യം 5% ഇളവ്) = 6936/- | 10647 + 2129.4 - 638.85 = 12139/- | 5203/- | 2018 ഒന്നാം അർദ്ധ വർഷം | 12746 - 7283 = 5463/- | 31478/- (5203 X 5 + 5463) |
| 4 | 12/421/B | കാർമൽ/ റോസ് ലെറ്റ്, സി.ആർ ടവർ, ചൊവ്വര, കോട്ടുകാൽ | 175.79 | 7031.6 + 1406.32 (വഴി സൌകര്യം 20% വർദ്ധനവ്) = 8438/- | 12305.3 + 2461.06 = 14767/- | 6329/- | 2020 ഒന്നാം അർദ്ധ വർഷം | 15506 - 8860 = 6646/- | 25633/- 6329 X3 + 6646) |
| ആകെ പ്രതി വർഷ വസ്തുനികുതി കുറവ് | | | | | | 20940/- | | 21986/- | 98300/- |

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചീടാക്കിയതിൽ 2023 രണ്ടാം അർദ്ധ വർഷം വരെ പ്രതി വർഷം 20940/- രൂപ വീതവും, 2023 വർഷം 21986/- രൂപയുടെയും, 2023 രണ്ടാം അർദ്ധ വർഷം വരെ ആകെ 98300/- രൂപയുടേയും വസ്തുനികുതി കുറവുണ്ടായിട്ടുണ്ട്. തെറ്റായ ഉപയോഗ ക്രമം നൽകി വസ്തുനികുതി കുറവായി നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ – 4/17-07-2024) ടി അപാകത പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം വാങ്ങി, ഡാറ്റാ പ്യൂരിഫിക്കേഷൻ ഓപ്പൺ ആകുന്ന മുറക്ക് സഞ്ചയയിൽ തിരുത്തൽ വരുത്തി, നികുതി പുനർ നിർണ്ണയിച്ച്, കുറവ് വന്ന തുക കെട്ടിട ഉടമക്ക് നോട്ടീസ് നൽകി ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി . മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി ശരിയായി നിർണ്ണയിച്ച് സഞ്ചയയിൽ രേഖപ്പെടുത്തി കുറവ് വന്ന തുക കുടിശ്ശിക സഹിതം നിയമാനുസൃതം ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-13 ലേല കുടിശ്ശിക ഈടാക്കിയില്ല.

പഞ്ചായത്തിന് കീഴിലെ അവണാകുഴി മാർക്കറ്റ് ലേലം ചെയ്ത വകയിൽ കുടിശ്ശിക ഇനത്തിൽ 48354/- രൂപ ലഭിക്കാനുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ലേലത്തിൽ മാർക്കറ്റ് ലഭിച്ചത് | ലേലം ചെയ്ത വർഷം | ലേല തുക | അടവാക്കിയത് | കുടിശ്ശിക |
|---|---|---|---|---|---|
| 1 | അഭിജിത്ത്.കെ.ജെ, ഹൃദ്യസദനം, തോപ്പുവിള | 2021-2022 | 28000/- | 5000/- 3146 രൂപ ലോക്ക് ഡൌൺ ഇളവ് നൽകി | 19854/- |
| 2 | അഭിനന്ദ് ആരോമൽ, തിലക്, വെൺപകൽ, വെൺപകൽ.പി.ഒ | 2022-2023 | 28500/- | 0 | 28500/- |
| ആകെ | | | | | 48354/- |

കുടിശ്ശിക തുക നാളിത് വരെയും ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/20-07-2024) മറുപടി ലഭ്യമാക്കിയില്ല. മേൽ കുടിശ്ശിക

ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-14-1 തൊഴിൽ നികുതി ഈടാക്കിയില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205(എ-കെ) എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ ആകെ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടേയും, പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചു കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കിൽ നിന്നും ആദായം ലഭിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽനികുതി ചുമത്താവുന്നതാണ്. കോട്ടുകാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

1) തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം (പേജ് നമ്പർ - 63 (Vol-2) ) ബെദ്സെയ്യ ഹെർമിറ്റേജ് ടൂറിസം പ്രൈവറ്റ് ലിമിറ്റഡ്, പുളിങ്കുഴിതാഴെ എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധ വർഷം ആകെ 18650/- രൂപ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ഒന്നാം അർദ്ധ വർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2) ചൊവ്വര എസ്.ബി.ഐ ൽ നിന്നും രണ്ട് അർദ്ധ വർഷവും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

3) I.F.T.E & O.S ലൈസൻസ് എടുത്ത താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

| ക്രമ നം | സ്ഥാപനം | ലൈസൻസ് രജിസ്റ്ററിൽ ക്രമ നമ്പർ | കെട്ടിട നമ്പർ |
|---|---|---|---|
| 1 | സിന്ധുജ ആശുപത്രി ഉച്ചക്കട | 291 | 19/654 |
| 2 | Ideal റിസോർട്ട് | 66 | 11/604 |
| 3 | ആനന്ദ ലക്ഷ്മി ആയുർവ്വേദ റിട്രീറ്റ് | 77 | 8/566/A,B,C, 8/556 N-P |
| 4 | JOYS The Beach Resort , ചൊവ്വര | 86, 101 | 10/723/A 8/497/A |
| 5 | ARCADIA PULINKUDY | 107 | 11/86 |
| 6 | സ്മൈൽ സ്മാ ഡെന്റൽ ക്ലിനിക്ക് | 134 | 11/679/D |
| 7 | CAFE SAMSARA | 162 | 11/29 |
| 8 | A1 ടൈൽസ് & ഗ്രാനൈറ്റ്സ് | 202, 222 | 12/86/B,D |
| 9 | സ്മൈൽ കെയർ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക് ഉച്ചക്കട | 206 | 19/65/B |
| 10 | Gods Own Country Resort Chovvara | 210, 211 | 11/563-592 |
| 11 | ഇസ്സ ആയുർവേദിക് ക്ലിനിക്ക്, ചൊവ്വര | 247 | 8/251/B |

4) പാരാ മെഡിക്കൽ ലൈസൻസ് എടുത്ത താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

| ക്രമ നമ്പർ | സ്ഥാപനം | പാരാമെഡിക്കൽ രജിസ്റ്ററിൽ ക്രമ നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | റിബീസ് ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡ് ചൊവ്വര | 2 |
| 2 | ന്യൂ ഐഡിയൽ പഞ്ചകർമ്മ സെന്റർ & ആയുർവേദ ഹോസ്പിറ്റൽ ചൊവ്വര | 3 |
| 3 | ഐഡിയൽ ആയുർവേദ ഹോസ്പിറ്റൽ ചൊവ്വര | 4 |
| 4 | ഹോപ്പ് ഡയഗ്നോസ്റ്റിക് സെന്റർ ചപ്പാത്ത് | 13 |

5)ട്യൂട്ടോറിയൽ ഇൻസ്റ്റിസ്റ്റ്യൂഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയ താഴെ ചേർത്ത ട്യൂട്ടോറിയൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നമ്പർ | ട്യൂട്ടോറിയൽ രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനം |
|---|---|---|
| 1 | 1 | ഫോക്കസ് സ്പെഷ്യൽ ട്യൂഷൻ സെന്റർ |
| 2 | 2 | BICT കമ്പ്യൂട്ടർ എഡ്യുക്കേഷൻ ഉച്ചക്കട |
| 3 | 3 | ഹോപ്പ് എഡ്യുക്കേഷൻ സെന്റർ |

6) 2023-2024 സാമ്പത്തിക വർഷം വിവിധ മരാമത്ത് ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയ വിവരങ്ങൾ ലഭ്യമായില്ല.

മേൽ അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 12/20-07-2024) ക്രമ നമ്പർ 1, 2, 3, 4 എന്നിവയിൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി ഈടാക്കുന്നതിന് കത്ത് നൽകി എന്ന് മറുപടി ലഭ്യമാക്കി. ക്രമനമ്പർ 5, 6 എന്നിവക്ക് മറുപടി ലഭ്യമായില്ല. മേൽ സൂചിപ്പിപ്പിച്ച തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-14 ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി നിർണ്ണയിച്ച് ഈടാക്കി.

താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരൻ | അർദ്ധ വർഷം | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | രസീത് | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | മരിയനിലയം ഹോസ്പിറ്റൽ, അടിമലത്തുറ,ചൊവ്വര | സോഫി, (നഴ്സ് ട്രെയ്നി) | II | 54000/- | 450/- | 300/- | 31792/24 / 31-03-2024 | 150/- |
| 2 | KTDC റെസ്റ്റോറന്റ് & ബിയർ പാർലർ | ആകാശ്.എം.ബി | I | 60000/- | 600/- | 300/- | 1230203273/ 21-09-2023 | 300/- |
| 3 | | വൈശാഖ്.എസ്.എസ് | I | 60000/- | 600/- | 120/- | | 480/- |
| 4 | ആനന്ദം ആയുർവേദിക് സെന്റർ, ചൊവ്വര | രാഖി രവി.എൽ.ആർ (തെറാപ്പിസ്റ്റ്) | I | 102820/- | 1000/- | 750/- | 1230203436/ 29-09-2023 | 250/- |
| 5 | | റീന.വി (തെറാപ്പിസ്റ്റ്) | I | 109339/- | 1000/- | 750/- | | 250/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 6 | ട്രാവൻകൂർ ഹെറിറ്റേജ്, ചൊവ്വര | ജെബരാജ് (സൂപ്പർവൈസർ) | I | 163601/- | 1250/- | 1000/- | 1230203437/ | 250/- |
| 7 | മുത്തൂറ്റ് മെർക്കന്റൈൽ എൽ.ടി.ഡി, പുന്നകുളം | സന്തോഷ് കുമാർ.വി.കെ (ക്ലർക്ക്) | I | 45020/- | 450/- | 300/- | 1230203457/ 30-09-2023 | 150/- |
| 8 | | ജയകൃഷ്ണൻ (ക്ലർക്ക്) | I | 45020/- | 450/- | 300/- | | 150/- |
| 9 | ഗവ.എൽ.പി.ബി.എസ് ചൊവ്വര | ശാന്തകുമാരി.സി (പി.ടി.എസ്) | I | 118276/- | 1000/- | 750/- | 1230203757/ 26-10-2023 | 250/- |
| 10 | ആയുർബെർത്ത് ഹീലിംഗ് സെന്റർ പുളിങ്കുടി. | ബീന കെ.എസ് (തെറാപ്പിസ്റ്റ്) | I | 78000/- | 750/- | 600/- | 1230206019/ 230-03-2024 | 150/- |
| ആകെ | | | | | | | | 2380/- |

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ – 12/20-07-2024) കുറവ് വന്ന തുക അടവാക്കുന്നതിന് സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കി. കുറവ് വന്ന തുക മേൽ സൂപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-15 കടമുറിയുടെ വാടക ഈടാക്കിയില്ല

അവണാകുഴി ഷോപ്പിംഗ് കോംപ്ലക്സിലെ രണ്ടാം നമ്പർ കടമുറി പ്രതി മാസം 5100 രൂപ നിരക്കിൽ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെ ഷീരൻ.എം, അഭിഷേക് ഹൌസ്, മംഗലത്തുകോണം, കട്ടച്ചൽകുഴി.പി.ഒ എന്ന വ്യക്തിക്ക് കരാർ മുഖേന വാടകക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഒരു മാസത്തെ വാടക മാത്രമാണ് ടിയാളിൽ നിന്നും നാളിത് വരെയും ലഭ്യമായത്. ബാക്കി 56100 രൂപ ലഭിക്കാനുണ്ട്. ഈ തുക ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 10/19-07-2024) ടി തുക ഈടാക്കുന്നതിന് നിയമാനുസത നോട്ടീസ് നൽകിയിട്ടും തുക അടവാക്കാതതിനാൽ റെവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചെന്ന് മറുപടി ലഭ്യമാക്കി. മേൽ തുക ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-16 മൊബൈൽ ടെലഫോൺ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയില്ല

താഴെ ചേർത്ത മൊബൈൽ ടെലഫോൺ ടവറുകളിൽ നിന്നും തൻ വർഷവും മുൻവർഷങ്ങളിലും വസ്തുനികുതി ഈടാക്കിയില്ല. കുടിശ്ശിക വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമ | വാർഷിക വസ്തുനികുതി (എൽ.സി ഉൾപ്പെടാതെ) | കുടിശ്ശിക വർഷം (2023 രണ്ടാം അർദ്ധ വർഷം വരെ) | 2023 രണ്ടാം അർദ്ധ വർഷം വരെ കുടിശ്ശിക (എൽ.സി ഉൾപ്പെടാതെ) |
|---|---|---|---|---|---|
| 1 | 1/124/D | ഇൻഡസ് ടവർ ലിമിറ്റഡ്,ഇൻഡസ് ടവർ ലിമിറ്റഡ് 8-ാം നില വങ്കാരത്ത് ടവേഴ്സ്,കൊച്ചിൻ എൻ.എച്ച് ബൈപ്പാസ്, പാലാരിവട്ടം ഇടപ്പള്ളി.പി.ഒ | 9383(2022 രണ്ടാം അർദ്ധ വർഷം വരെ), 9853 (2023ഒന്നാം അർദ്ധ വർഷം മുതൽ) | 2021ഒന്നാം അർദ്ധ വർഷം മുതൽ | 24366/- |
| 2 | 11/348/A | റിലയൻസ് ഇൻഫോകോം ലി., സഹോദരൻ അയ്യപ്പൻ റോഡ് കടവന്ത്ര | 11000(2022 രണ്ടാം അർദ്ധ വർഷം വരെ), 11550 (2023ഒന്നാം അർദ്ധ വർഷം മുതൽ) | 2021രണ്ടാം അർദ്ധ വർഷം മുതൽ | 23622/- |
| **ആകെ** | | | | | **47988/-** |

മേൽ കെട്ടിടങ്ങളിൽ നിന്നും നാളിത് വരെയും വസ്തുനികുതി കുടിശ്ശിക ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 21/22-07-2024) കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ചെയ്തെന്ന് മറുപടി ലഭ്യമാക്കി. മേൽ കുടിശ്ശിക ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-17 തനത് വരുമാനം - അവലോകനം

തിരുവനന്തപുരം ജില്ലയിൽ അതിയന്നൂർ ബ്ലോക്കിൽ ആകെ 19 വാർഡുകളിലായി വ്യാപിച്ചാണ് കോട്ടുകാൽ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. നികുതി, ഫീസ്, വാടക, ലേലത്തുക തുടങ്ങി നികുതി - നികുതി ഇതര വരവുകൾ മെച്ചപ്പെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ആഴിമല ബീച്ച്, നിരവധി കടൽത്തീര റിസോർട്ടുകൾ എന്നിവ സ്ഥിതി ചെയ്യുന്ന കോട്ടുകാൽ ഗ്രാമപഞ്ചായത്ത് ടൂറിസത്തിലൂടെ വരുമാന സാധ്യത കൂടുതലുള്ള പ്രദേശമാണ്. വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ ടൂറിസവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താവുന്നതാണ്. അന്താരാഷ്ട്ര ടൂറിസം ഭൂപടത്തിൽ ഇടംനേടിയ കോവളം ബീച്ച്, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം എന്നിവയും പഞ്ചായത്തിനോട് തൊട്ട് ചേർന്ന് സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളാണ്. ആയതിനാൽ ടൂറിസം/തുറമുഖ മേഖലകളുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ വരുമാന സാധ്യത വർദ്ധിപ്പിക്കുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

2) കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ ഗ്രാമപഞ്ചായത്തിന് പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്താവുന്നതാണ്. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള (രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം . പഞ്ചായത്തിൽ നമ്പർ അനുവദിച്ചതിൽ കൂടുതൽ നിർമ്മാണം നടത്തി കെട്ടിടങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ ഇനത്തിൽ വലിയ നികുതി ചോർച്ച ഉണ്ടായിട്ടുണ്ട്. ആയതിനാൽ മേൽ വ്യവസ്ഥ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3) വസ്തുനികുതി കുടിശ്ശിക ഇനത്തിൽ 197763 രൂപ പഞ്ചായത്തിന് ലഭിക്കാനുണ്ടെങ്കിലും ആയത് പിരിച്ചെടുത്തില്ല. യഥാസമയം ഇവ പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4) മുൻ വർഷങ്ങളിൽ വാണിജ്യ കെട്ടിടങ്ങൾക്ക് തെറ്റായ ഉപയോഗ ക്രമം നൽകി വസ്തുനികുതി നിർണ്ണയിച്ചതിനാൽ ഓരോ വർഷവും ഈ കെട്ടിടങ്ങളുൽ നിന്നും വസ്തുനികുതി ഈടാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്. വസ്തുനികുതി നിർണ്ണയം കൃത്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

5) 01-04-2024 ലെ വസ്തുനികുതി പരിഷ്കരണനിരക്കുകൾ നിശ്ചയിച്ച് 09-08-2023 ന് അന്തിമ വിജ്ഞാപനം ചെയ്തെങ്കിലും 01-04-2023 തീയതി മുതൽ 09-08-2023 വരെ പഴയ നിരക്കിലാണ് പഞ്ചായത്ത് വസ്തുനികുതി നിർണ്ണയിച്ചത്. ഈ കാലയളവിൽ പഴയ നിരക്കിൽ നിർണ്ണയിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി 01-04-2023 പ്രാബല്യത്തിൽ നിലവിലും പുനർ നിർണ്ണയിച്ചിട്ടില്ല. ആയതിൽ നടപടി സ്വീകരിക്കേണ്ടതാണ്.

6) 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

7) IFTE&OS ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

8) പഞ്ചായത്തിന് കീഴിലെ അവണാകുഴി മാർക്കറ്റ് ലേലം ചെയ്ത വകയിൽ ARREAR ഇനത്തിൽ 48354/- രൂപ ലഭിക്കാനുണ്ടെങ്കിലും നാളിത് വരെയും ആയത് പിരിച്ചെടുത്തില്ല. അവണാകുഴി ഷോപ്പിംഗ് കോംപ്ലക്സിലെ രണ്ടാം നമ്പർ കടമുറി തൻവർഷം വാടകക്ക് നൽകിയ ഇനത്തിൽ 56100/- രൂപ നാളിത് വരെയും വാടകക്കാരനിൽ നിന്നും ഈടാക്കിയില്ല. പഞ്ചായത്തിന്റെ ആസ്തി വാടകക്ക് നൽകിയ ഇനത്തിൽ ലഭിക്കേണ്ട തുകകൾ യഥാസമയം ഈടാക്കേണ്ടതാണ്.

തനത് വരുമാനം വർദ്ധിപ്പിച്ച് സ്വയംപര്യാപ്തത കൈവരിക്കുക എന്നത് അനിവാര്യമായതിനാൽ ഇത്തരം വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിതിയ്ക്ക് ഊർജ്ജിതപ്പെടുത്താവുന്നതാണ്. ആയവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ചർച്ചചെയ്യുകയും ചട്ടങ്ങൾക്ക് വിധേയമായി നൂതന ആശയങ്ങൾ നടപ്പിലാക്കാവുന്നതുമാണ്.

## 1-18 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം ചെയ്ത പ്രൊജക്ടുകളിലെ അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം ചെയ്ത പ്രോജക്ടുകളിലെ അപാകതകൾ താഴെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S0090/24, അങ്കണവാടികളിൽ ഫർണ്ണീച്ചർ വാങ്ങൽ |
| അടങ്കൽ | വികസന ഫണ്ട് - പൊതുവിഭാഗം സാധാരണ വിഹിതം - ₹125000/- |

| | |
|---|---|
| ചെലവ് | വികസന ഫണ്ട് - പൊതുവിഭാഗം സാധാരണ വിഹിതം - ₹124853/- |
| ബിൽ നമ്പർ/ തുക | 41/25.03.2024 - ₹124853/- |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

പ്രൊജക്ട് പ്രകാരം 160 ARMLESS BIG CHAIRS, 140 BABY CHAIRS, 8 മേശകൾ എന്നിവ വാങ്ങുന്നതിനായി 1,25,000/- രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തി 124853/- രൂപ ചെലവാക്കിയിട്ടുണ്ട്. മേൽ സാധന സാമഗ്രികൾ IMMANUEL INDUSTRIES PRIVATE LIMITED(140 BABY CHAIRS, 8 മേശകൾ) (രൂപ 59,413, ബിൽ നം.23020452010801506594 തീയതി: 24/03/2024), IZZA ENTERPRISES (160 ARMLESS BIG CHAIRS) (രൂപ 65440/-, ബിൽ നം. 23020452010801506594 തീയതി: 24/03/2024) എന്നീ വ്യത്യസ്ഥ സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ മുഖാന്തരമാണ് വാങ്ങിയിരിക്കുന്നത്. GO(P)No.7/19/SPD Dated 26.04.2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000/- രുപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM മുഖേന സമാഹരിക്കേണ്ടതാണ്. മേൽ സാധന സാമഗ്രികൾ Gem ൽ ലഭ്യമായിട്ടുള്ളവയാണ്. ആയതിനാൽ മേൽസാധന സാമഗ്രികൾ GeM പോർട്ടലിൽ നിന്നും വാങ്ങാതെ ടെണ്ടർ മുഖേന വാങ്ങിയത് മേൽ സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.

2.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S0089/24, അങ്കണവാടികളിൽ ഗ്യാസ് സ്റ്റൗ വാങ്ങൽ |
| അടങ്കൽ | വികസന ഫണ്ട് - പൊതുവിഭാഗം സാധാരണ വിഹിതം - ₹100000/- |
| ചെലവ് | വികസന ഫണ്ട് - പൊതുവിഭാഗം സാധാരണ വിഹിതം - ₹99988/- |
| ബിൽ നമ്പർ/ തുക | 28/30.11.2023 - ₹99988/- |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

പ്രോജക്ട് പ്രകാരം ഗ്യാസ് സ്റ്റൗ IMMANUEL INDUSTRIES PRIVATE LIMITED എന്ന സ്ഥാപനത്തിൽ നിന്നും 99,988/- രൂപയ്ക്ക് 30-11-2023ൽ വാങ്ങിയിട്ടുണ്ട്. GO(P)No.7/19/SPD Dated 26.04.2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000/- രുപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM മുഖേന സമാഹരിക്കേണ്ടതാണ്. എന്നാൽ മേൽസാധന സാമഗ്രികൾ GeM ൽ ലഭ്യമായിരുന്നിട്ടും ക്വട്ടേഷൻ മുഖേനയാണ് വാങ്ങിയത്. ആയതിനാൽ മേൽ സർക്കാർ ഉത്തരവിന് വിരുദ്ധമായാണ് സാധന സാമഗ്രികൾ വാങ്ങിയത്.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 9/19-07-2024) വകുപ്പ് തലത്തിൽ നിർവ്വഹിക്കുന്ന പദ്ധതി അല്ലാത്തതിനാലും 2023-24 വർഷത്തെ പദ്ധതി ആയതിനാലുമാണ് Gem ൽ നിന്ന് വാങ്ങാതിരുന്നതെന്നും വരും വർഷങ്ങളിൽ പദ്ധതികളിലെ വാങ്ങൽ പ്രൊജക്ടുകൾ Gem ലൂടെ വാങ്ങുന്നതാണെന്നും മറുപടി ലഭ്യമായി. സാധന സാമഗ്രികൾ GeM ൽ ലഭ്യമായിരുന്നിട്ടും ക്വട്ടേഷൻ മുഖേന വാങ്ങിയത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ്. സർക്കാർ ഉത്തരവുകളും, സർക്കാർ നിർദ്ദേശങ്ങളും പാലിച്ച് പ്രൊജക്ടുകൾ നിർവ്വഹണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 മരുന്ന് ലഭ്യമായില്ല - 1,06,058/-രൂപ തടസ്സം ചെയ്യുന്നു.

| | |
|---|---|
| പദ്ധതി നമ്പർ | 43/24 |
| പദ്ധതിയുടെ പേര് | പാലിയേറ്റീവ് കെയർ - വൃദ്ധർ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (PHC/FHC) |
| അടങ്കൽ തുക | 330000/- (വികസന ഫണ്ട്) |
| ചെലവായ തുക | 315243/- |
| ബിൽ നം./തീയതി. | 23020422010500355724 Dt. 25.07.23 |

പാലിയേറ്റീവ് കെയർ ആവശ്യമായ വൃദ്ധർക്ക് മരുന്നും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിലേയ്ക്കായി വികസനഫണ്ടിൽ നിന്നും 3,30,000/- രൂപ വകയിരിത്തിയിരിക്കുന്നു. Kerala Medical Services Corporation Ltd. ൽ 3,15,243/- രൂപ മരുന്ന് വാങ്ങുന്നതിന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിലും 2,09,185/- രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. ശേഷിക്കുന്ന 1,06,058/- രൂപയുടെ മരുന്ന് ലഭ്യമാകാത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/2024 തീ. 22.07.2024) KMSCL മുഖേന മരുന്നുകൾ വാങ്ങുമ്പോൾ മരുന്ന് ലഭിക്കാൻ കാലതാമസം നേരിടുന്നുണ്ടെന്നും ആയത് ലഭ്യമാകാൻ ഫോൺ, കത്ത് എന്നിവ മുഖാന്തിരം ബന്ധപ്പെട്ടുവെന്നും ബാക്കിയുള്ള മരുന്നുകൾ എത്രയും വേഗം ലഭിക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. ലഭിക്കാനുള്ള മരുന്ന് ലഭിച്ച് ആയത് സ്റ്റോക്കിലെടുത്ത് ഓഡിറ്റിന് സമർപ്പിക്കുന്നതുവരെ 1,06,058/- രൂപ തടസ്സം ചെയ്യുന്നു.

## 1-20 വീട്ട് വാടക ബത്ത അധികമായി അനുവദിച്ചു - ചെലവ് നിരാകരിക്കുന്നു (രൂപ 2,21,457/-)

GO(P).7/2016/Fin Dt.21.07.2016 പ്രകാരമുള്ള പത്താം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം, കോട്ടുകാൽ പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന കോട്ടുകാൽ പഞ്ചായത്ത് പ്രദേശം തിരുവനന്തപുരം നഗരത്തിന്റെ 1 കിലോമീറ്റർ ചുറ്റളവിൽ ഉൾപ്പെട്ടതിനാൽ ബി2 ക്ലാസ് ശ്രേണിയിലുള്ള വീട്ട് വാടക അലവൻസാണ് (HRA) നൽകിവന്നിരുന്നത്. 10.02.2021 തീയതിയിലെ പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് G.O.(P) നം.27/2021/Fin ഖണ്ഡിക 12 പ്രകാരം പഞ്ചായത്തുകളെ HRA അനുവദിക്കുന്നതിലേക്കായി ക്ലാസ് ഡി പ്രദേശമായി കണക്കാക്കിയിട്ടുണ്ട്. ആയത് പ്രകാരം പഞ്ചായത്ത് ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിന്റെ 4 ശതമാനമാണ് വീട്ട് വാടക അലവൻസായി (HRA) അനുവദനീയമായത്. പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം, കോർപ്പറേഷൻ പരിധിക്ക് 1 കിലോമീറ്റർ ചുറ്റളവിൽ ജോലി ചെയ്യുന്നവരിൽ പത്താം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം കോർപ്പറേഷൻ നിരക്കിൽ HRA വാങ്ങി വന്നിരുന്നവർക്ക് അപ്രകാരം വാങ്ങി വന്ന HRA യുടെ 10% ഉയർത്തിയ തുകയോ, പരിഷ്കരിച്ച അടിസ്ഥാന ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ അനുവദനീയമായ (പഞ്ചായത്ത് പ്രദേശത്തിലാണെങ്കിൽ 4 ശതമാനം) തുകയോ- ഏതാണ് കൂടുതൽ- ആയത് വീട്ട് വാടക അലവൻസായി (HRA) നിശ്ചയിച്ചിട്ടുണ്ട്.

എന്നാൽ ടി ഉത്തരവിലെ നിബന്ധനകൾക്ക് വിരുദ്ധമായി കോട്ടുകാൽ പഞ്ചായത്തിൽ സെപ്തംബർ 2023 മുതൽ ഫെബ്രുവരി 2024 വരെ കോർപ്പറേഷൻ നിരക്കിൽ അടിസ്ഥാന ശമ്പളത്തിന്റെ 10 ശതമാനം വീട്ട് വാടക അലവൻസ് (HRA) കണക്കാക്കി ജീവനക്കാർക്ക് തെറ്റായി അനുവദിച്ചതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

**HRA DETAILS FOR THE MONTH OF SEPTEMBER 2023**

| SL. No. | Name | Designation | Basic Pay | HRA Paid | HRA Eligible | Excess HRA Paid | Cheque No./Date |
|---|---|---|---|---|---|---|---|
| 1 | Bindu Puthiyaveetil | Secretary | 73600 | 7360 | 2944 | 4416 | 020514/04.102023 |
| 2 | Jeothy J | JS | 62200 | 6220 | 2488 | 3732 | |
| 3 | Anilkumar R | Asst Secretary | 59300 | 5930 | 2372 | 3558 | |
| 4 | Premalatha K | Accountant | 50200 | 5020 | 2008 | 3012 | |
| 5 | Saritha T | Senior Clerk | 41300 | 4130 | 1652 | 2478 | |
| 6 | Sajesh Kumar | Senior Clerk | 38300 | 3830 | 1532 | 2298 | |
| 7 | Sreedevi B.S | Senior Clerk | 38300 | 3830 | 1532 | 2298 | |
| 8 | Dhanya K.S | Clerk | 49000 | 4900 | 1960 | 2940 | |
| 9 | Remya L.R | Clerk | 4866.67 | 220 | 194.6668 | 26 | |
| 10 | Vishnu S.S | Clerk | 36500 | 3650 | 1460 | 2190 | |
| 11 | Subin S.V | Clerk | 30300 | 3030 | 1212 | 1818 | |
| 12 | Arathy R Babu | Clerk | 27200 | 2720 | 1200 | 1520 | |
| 13 | Vishnu Kumar SU | Driver | 27900 | 2790 | 1200 | 1590 | |
| 14 | Lekshmi G.J | Office Attendant | 27900 | 2790 | 1200 | 1590 | |
| 15 | Sudhin S | Office Attendant | 23000 | 2370 | 1200 | 1170 | |
| 16 | T.Anitha | Nursery Teacher | 25800 | 2580 | 1650 | 930 | |
| | | | | | | **35566** | |

**HRA DETAILS FOR THE MONTH OF OCTOBER 2023**

| SL. No. | Name | Designation | Basic Pay | HRA Paid | HRA Eligible | Excess HRA Paid | Cheque No.&Date |
|---|---|---|---|---|---|---|---|
| 1 | Bindu Puthiyaveetil | Secretary | 73600 | 7360 | 2944 | 4416 | 9038148/ 01.11.2023 |
| 2 | Jeothy J | JS | 62200 | 6220 | 2488 | 3732 | |
| 3 | Anilkumar R | Asst Secretary | 59300 | 5930 | 2372 | 3558 | |
| 4 | Premalatha K | Accountant | 50200 | 5020 | 2008 | 3012 | |
| 5 | Saritha T | Senior Clerk | 41300 | 4130 | 1652 | 2478 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | Sajesh Kumar | Senior Clerk | 38300 | 3830 | 1532 | 2298 | |
| 7 | Sreedevi B.S | Senior Clerk | 38300 | 3830 | 1532 | 2298 | |
| 8 | Dhanya K.S | Clerk | 49000 | 4900 | 1960 | 2940 | |
| 9 | Vishnu S.S | Clerk | 36500 | 3650 | 1460 | 2190 | |
| 10 | Subin S.V | Clerk | 30300 | 3030 | 1212 | 1818 | |
| 11 | Arathy R Babu | Clerk | 27200 | 2720 | 1200 | 1520 | |
| 12 | Aneesh M.V | Clerk | 27200 | 2720 | 1200 | 1520 | |
| 13 | Vishnu Kumar SU | Driver | 28700 | 2870 | 1200 | 1670 | |
| 14 | Lekshmi G.J | Office Attendant | 27900 | 2790 | 1200 | 1590 | |
| 15 | Sudhin S | Office Attendant | 23000 | 2370 | 1200 | 1170 | |
| 16 | T.Anitha | Nursery Teacher | 25800 | 2580 | 1650 | 930 | |
| | | | | | | **37140** | |

**HRA DETAILS FOR THE MONTH OF NOVEMBER 2023**

| SL. No. | Name | Designation | Basic Pay | HRA Paid | HRA Eligible | Excess HRA Paid | Cheque No.& Date |
|---|---|---|---|---|---|---|---|
| 1 | Bindu Puthiyaveetil | Secretary | 73600 | 7360 | 2944 | 4416 | 9038151/ 02.12.2023 |
| 2 | Jeothy J | JS | 62200 | 6220 | 2488 | 3732 | |
| 3 | Anilkumar R | Asst Secretary | 59300 | 5930 | 2372 | 3558 | |
| 4 | Premalatha K | Accountant | 50200 | 5020 | 2008 | 3012 | |
| 5 | Saritha T | Senior Clerk | 41300 | 4130 | 1652 | 2478 | |
| 6 | Sajesh Kumar | Senior Clerk | 38300 | 3830 | 1532 | 2298 | |
| 7 | Sreedevi B.S | Senior Clerk | 39300 | 3930 | 1572 | 2358 | |
| 8 | Dhanya K.S | Clerk | 49000 | 4900 | 1960 | 2940 | |
| 9 | Vishnu S.S | Clerk | 36500 | 3650 | 1460 | 2190 | |
| 10 | Subin S.V | Clerk | 30300 | 3030 | 1212 | 1818 | |
| 11 | Arathy R Babu | Clerk | 27200 | 2720 | 1200 | 1520 | |
| 12 | Aneesh M.V | Clerk | 27200 | 2720 | 1200 | 1520 | |
| 13 | Vishnu Kumar SU | Driver | 28700 | 2870 | 1200 | 1670 | |
| 14 | Lekshmi G.J | Office Attendant | 27900 | 2790 | 1200 | 1590 | |
| 15 | Sudhin S | Office Attendant | 11500 | 1185 | 460 | 725 | |
| 16 | T.Anitha | Nursery Teacher | 25800 | 2580 | 1650 | 930 | |
| | | | | | | **36755** | |

**HRA DETAILS FOR THE MONTH OF DECEMBER 2023**

| SL. No. | Name | Designation | Basic Pay | HRA Paid | HRA Eligible | Excess HRA Paid | Cheque No& Date |
|---|---|---|---|---|---|---|---|
| 1 | Bindu Puthiyaveetil | Secretary | 75400 | 7540 | 3016 | 4524 | 9038154/ 01.1.2024 |
| 2 | Jeothy J | JS | 62200 | 6220 | 2488 | 3732 | |
| 3 | Anilkumar R | Asst Secretary | 59300 | 5930 | 2372 | 3558 | |
| 4 | Premalatha K | Accountant | 50200 | 5020 | 2008 | 3012 | |
| 5 | Saritha T | Senior Clerk | 41300 | 4130 | 1652 | 2478 | |
| 6 | Sajesh Kumar | Senior Clerk | 38300 | 3830 | 1532 | 2298 | |
| 7 | Sreedevi B.S | Senior Clerk | 39300 | 3930 | 1572 | 2358 | |
| 8 | Dhanya K.S | Clerk | 49000 | 4900 | 1960 | 2940 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | Vishnu S.S | Clerk | 37400 | 3740 | 1496 | 2244 | |
| 10 | Subin S.V | Clerk | 30300 | 3030 | 1212 | 1818 | |
| 11 | Arathy R Babu | Clerk | 27200 | 2720 | 1200 | 1520 | |
| 12 | Aneesh M.V | Clerk | 27200 | 2720 | 1200 | 1520 | |
| 13 | Vishnu Kumar SU | Driver | 28700 | 2870 | 1200 | 1670 | |
| 14 | Lekshmi G.J | Office Attendant | 27900 | 2790 | 1200 | 1590 | |
| 15 | Sandra R Shyju | Office Attendant | 23000 | 2300 | 1200 | 1100 | |
| 16 | T.Anitha | Nursery Teacher | 25800 | 2580 | 1650 | 930 | |
| | | | | | | **37292** | |

**<u>HRA DETAILS FOR THE MONTH OF JANUARY 2024</u>**

| SL. No. | Name | Designation | Basic Pay | HRA Paid | HRA Eligible | Excess HRA Paid | Cheque No&Date |
|---|---|---|---|---|---|---|---|
| 1 | Bindu Puthiyaveetil | Secretary | 75400 | 7540 | 3016 | 4524 | 021926/ 02.02.2024 |
| 2 | Jeothy J | JS | 62200 | 6220 | 2488 | 3732 | |
| 3 | Anilkumar R | Asst Secretary | 59300 | 5930 | 2372 | 3558 | |
| 4 | Premalatha K | Accountant | 50200 | 5020 | 2008 | 3012 | |
| 5 | Saritha T | Senior Clerk | 41300 | 4130 | 1652 | 2478 | |
| 6 | Sajesh Kumar | Senior Clerk | 39300 | 3930 | 1572 | 2358 | |
| 7 | Sreedevi B.S | Senior Clerk | 39300 | 3930 | 1572 | 2358 | |
| 8 | Dhanya K.S | Clerk | 49000 | 4900 | 1960 | 2940 | |
| 9 | Vishnu S.S | Clerk | 37400 | 3740 | 1496 | 2244 | |
| 10 | Subin S.V | Clerk | 30300 | 3030 | 1212 | 1818 | |
| 11 | Arathy R Babu | Clerk | 27200 | 2720 | 1200 | 1520 | |
| 12 | Aneesh M.V | Clerk | 27200 | 2720 | 1200 | 1520 | |
| 13 | Vishnu Kumar SU | Driver | 28700 | 2870 | 1200 | 1670 | |
| 14 | Lekshmi G.J | Office Attendant | 27900 | 2790 | 1200 | 1590 | |
| 15 | Sandra R Shyju | Office Attendant | 23000 | 2300 | 1200 | 1100 | |
| 16 | T.Anitha | Nursery Teacher | 25800 | 2580 | 1650 | 930 | |
| | | | | | | **37352** | |

**<u>HRA DETAILS FOR THE MONTH OF FEBRUARY 2024</u>**

| SL. No. | Name | Designation | Basic Pay | HRA Paid | HRA Eligible | Excess HRA Paid | Cheque No.&Date |
|---|---|---|---|---|---|---|---|
| 1 | Bindu Puthiyaveetil | Secretary | 75400 | 7540 | 3016 | 4524 | 9038158/ 01.03.2024 |
| 2 | Jeothy J | JS | 62200 | 6220 | 2488 | 3732 | |
| 3 | Anilkumar R | Asst Secretary | 59300 | 5930 | 2372 | 3558 | |
| 4 | Premalatha K | Accountant | 50200 | 5020 | 2008 | 3012 | |
| 5 | Saritha T | Senior Clerk | 41300 | 4130 | 1652 | 2478 | |
| 6 | Sajesh Kumar | Senior Clerk | 39300 | 3930 | 1572 | 2358 | |
| 7 | Sreedevi B.S | Senior Clerk | 39300 | 3930 | 1572 | 2358 | |
| 8 | Dhanya K.S | Clerk | 49000 | 4900 | 1960 | 2940 | |
| 9 | Vishnu S.S | Clerk | 37400 | 3740 | 1496 | 2244 | |
| 10 | Subin S.V | Clerk | 30300 | 3030 | 1212 | 1818 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | Arathy R Babu | Clerk | 27200 | 2720 | 1200 | 1520 | |
| 12 | Aneesh M.V | Clerk | 27200 | 2720 | 1200 | 1520 | |
| 13 | Vishnu Kumar SU | Driver | 28700 | 2870 | 1200 | 1670 | |
| 14 | Lekshmi G.J | Office Attendant | 27900 | 2790 | 1200 | 1590 | |
| 15 | Sandra R Shyju | Office Attendant | 23000 | 2300 | 1200 | 1100 | |
| 16 | T.Anitha | Nursery Teacher | 25800 | 2580 | 1650 | 930 | |
| | | | | | | **37352** | |

ഇപ്രകാരം HRA ഇനത്തിൽ അധിക തുകയായി 2023-24 വർഷത്തിൽ ആകെ ₹2,21,457/- അനുവദിച്ചതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം.6/18.07.2024 നുള്ള മറുപടിയിൽ കോർപ്പറേഷൻ പരിധിയിൽ നിന്ന് 0 കി.മീ അകലെയാണ് പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്നു എന്ന് പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തി നൽകിയതിനാലാണ് ഉയർന്ന നിരക്കിലുള്ള HRA അനുവദിച്ചത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഉയർന്ന നിരക്കിലുള്ള HRA അനുവദിച്ചത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടി അംഗീകരിക്കാൻ കഴിയില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികമായി അനുവദിച്ച വീട്ട് വാടക അലവൻസ് (രൂപ 2,21,457/-) ഓഡിറ്റിൽ നിരാകരിക്കുന്നു. അധികമായി അനുവദിച്ച HRA തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 അംഗൻവാടി പുനരുദ്ധാരണം -പ്രവൃത്തി പൂർത്തീകരിച്ചില്ല

പ്രോജക്ട് നമ്പർ – SO110/24

പ്രോജക്ടിന്റെ പേര് – 62 -ാം നമ്പർ അംഗൻവാടി പുനരുദ്ധാരണം

അടങ്കൽ തുക – 1,00,000/-

കരാറുകാരൻ - ഹരീഷ്

Agreement No. – Ag/07/AE/LSGD/KTL/2023/21.9.23

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട ശ്രീനാരയണപുരം വാർഡിലെ 62-ാം നമ്പർ അംഗൻവാടിയിലെ ചുറ്റുമതിൽ നിർമ്മിച്ച് അംഗൻവാടിയുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പുവരുത്തുകയാണ് പദ്ധതി ലക്ഷ്യം. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ 21.09.23 ൽ കരാറുവച്ചിട്ടും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ആയത് സംബന്ധിച്ച് നല്കിയ എൻക്വയറി നമ്പർ 28 ന് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത പ്രോജക്റ്റുമായി ബന്ധപ്പെട്ട് നടത്തിയ സ്ഥലപരിശോധനയിൽ ചുറ്റ് മതിൽ നിർമ്മിക്കുന്ന പ്രവൃത്തി നിർത്തിവച്ചിരിക്കുന്നതായി ബോദ്ധ്യപ്പെട്ടു. അംഗൻവാടിയുടെ പുറകുവശത്തായി ഒരു പൊതുകിണറും ഒരു വീടും സ്ഥിതി ചെയ്യുന്നു. പ്രസ്തുത അംഗൻവാടിയോട് ചേർന്നുള്ള പൊതു വഴിയാണ് വീട്ടിലെ താമസക്കാർ ഉപയോഗിക്കുന്നത് ചുറ്റ്മതിൽ പണിയുന്നതോടെ വീട്ടിൽ താമസിക്കുന്നവർക്ക് വഴി നഷ്ടപ്പെടുകയും കുടിവെള്ളം എടുക്കാനാവാതെയും വരും എന്നും. ഈകാരണങ്ങളാലും ബഹു. പട്ടികജാതി പട്ടികവർഗ്ഗകമ്മീഷൻ മുമ്പാകെ കേസ് ഫയൽ ചെയ്തിട്ടുള്ളതിനാലുമാണ് ചുറ്റമതിൽ നിർമ്മാണം തടസ്സപ്പെട്ടത് എന്ന് പ്രാദേശിക പരിശോധനാ വേളയിൽ പരിസരവാസികൾ അറിയിച്ചു. എന്നാൽ ഇത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖാമൂലം മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 ഗെയിംസ് ഫെസ്റ്റിവൽ നടത്തിപ്പിലെ - അപാകതകൾ

പദ്ധതി നമ്പർ S0037/24

പദ്ധതിയുടെ പേര് : തദ്ദേശഭരണ സ്ഥാപനതല കായിക വികസനം ഗെയിംസ് ഫെസ്റ്റിവൽ

അടങ്കൽ തുക – 120000/- (തനത് ഫണ്ട്)

ചെലവ് തുക – 87618/-

ബില്ലുകൾ - 1) Bill No. 22/24 Dtd 27.3.24 Amt-33810

2) Bill No. 21/24 Dtd 27.3.24 Amt-39448

3) Bill No. 20/24 Dtd 27.3.24 Amt-14360

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

പതിനാലാം പഞ്ചവൽസരപദ്ധതി സബ്സിഡി മാർഗ്ഗരേഖയുടെ (സ.ഉ.(കൈ)നം.115/2022/LSGD) ഖ.7.7.1(1) പ്രകാരം ഗെയിംസ് ഫെസ്റ്റിവൽ പ്രോജക്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി ആയിരിക്കേണ്ടതാണ്. ഖ.7.7.1(3) അനുസരിച്ച്, ടി പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള യുവജന ക്ലബ്ബുകളിൽ നിന്നു ടീം രൂപീകരിച്ച് ട്രയൽസ് കം ചാമ്പ്യൻഷിപ്പ് നടത്തേണ്ടതും, ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന

ടീമുകളിൽ നിന്നും ഏറ്റവും നല്ല കളിക്കാരെ ഉൾപ്പെടുത്തി ടീം രൂപീകരിക്കുന്നതിനും, കൂടാതെ തിരഞ്ഞെടുത്ത ടീമിനെ ഒരു മാസം പരിശീലനവും സർട്ടിഫിക്കറ്റും നല്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ മേൽ പദ്ധതി, പതിന്നാലാം പഞ്ചവൽസരപദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022/LSGD - യിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായിട്ടാണ് നടപ്പിലാക്കിയത്.
പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നിർവ്വഹണ അസി.സെക്രട്ടറിയെ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി.

2) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള യുവജന ക്ലബ്ബുകളിൽ നിന്നു ടീം രൂപീകരിച്ച് ട്രയൽസ് കം ചാമ്പ്യൻഷിപ്പ് നടത്തി, ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന ടീമുകളിൽ നിന്നും കളിക്കാരെ തിരഞ്ഞെടുത്തല്ല ടീം രൂപീകരിച്ചത്.

3) തിരഞ്ഞെടുത്ത ടീമിന് ഒരു മാസം പരിശീലനവും സർഫിക്കറ്റും നല്കിയിട്ടില്ല.

മേൽ പരാമർശങ്ങൾ ചൂണ്ടികാട്ടി നല്കിയ എൻക്വയറി നം.15/24 ന് കേരളോത്സവ മത്സരങ്ങളിൽ നിന്നും 1,2 സ്ഥാനങ്ങൾ ലഭിക്കുന്നവരെ മത്സരിപ്പിച്ച് ടീം രൂപീകരിച്ചതായി പരാമർശിച്ചിരിക്കുന്നു.

പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്ന രീതിയിൽ, ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനാൽ പദ്ധതി നിർവ്വഹണം നടത്തുന്നതിന് പഞ്ചായത്ത് അധികൃതരും ഭണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-23 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 9,79,329/-രൂപ തടസ്സപ്പെടുത്തുന്നു.

2023-24 ൽ സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകളിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/നമ്പർ | അടവാക്കിയതുക (ബിൽ നമ്പർ ) | തുക അടവാക്കിയതിന്റെ വിവരം |
|---|---|---|---|
| 1 | IKM ന് തുക നല്കൽ<br>(S00 1/24) | 172268 (അടങ്കൽ – 172268 ഫണ്ട് – വികസന ഫണ്ട് – പൊതുവിഭാഗം)<br>Bill No.32/24 Dtd. 1.2.24 | ഐ.കെ.എം. പ്രോജക്ട് ഡയറക്ടർ പേർക്ക് തുക ട്രാൻസ്ഫർ ചെയ്തു |
| 2 | കരിച്ചൽകായൽ നവീകരണം | 807061 (അടങ്കൽ – 10,00,000/- ഫണ്ട് – CFC)<br>XVFC/23-24/P/45 Dtd. 10.11.23 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പേർക്ക് തുക ട്രാൻസ്ഫർ ചെയ്തു |

മേൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച 9,79,329/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 മരാമത്ത് പദ്ധതികൾ നടത്തിപ്പിലാക്കിയില്ല

2023-24 വർഷത്തെ വാർഷിക പദ്ധതികണക്കുകൾ പരിശോധിച്ചതിൽ അസി.എഞ്ചിനീയറെ 87 പ്രോജക്ടുകളുടെ നിർവ്വഹണചുമതല ഏൽപ്പിക്കപ്പെട്ടിരുന്നതായി കാണുന്നു. എന്നാൽ വിവിധങ്ങളായ ജനകീയ ആവശ്യങ്ങൾ പരിഗണിച്ച് ആവിഷ്ക്കരിക്കപ്പെട്ട് തയ്യാറാക്കപ്പെട്ടിട്ടുള്ള പ്രോജക്ടുകളിൽ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പടെ ആകെ 33 പ്രോജക്ടുകൾക്ക് ആണ് തുക ചെലവഴിച്ചിരിക്കുന്നത്. 3,98,47,920/- രൂപ പദ്ധതി അടങ്കലിൽ 1,35,99,476/- മാത്രമാണ് ചെലവഴിച്ചത്. വകയിരുത്തിയ തുകയുടെ 39.14% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഇത്രയധികം പ്രോജക്ടുകൾ നിർവ്വഹിക്കപ്പെടാത്തത് മൂലം തൻവർഷത്തെ സാമ്പത്തിക വിനിയോഗലക്ഷ്യം കൈവരിക്കപ്പെട്ടില്ല. മാത്രമല്ല പ്രസ്തുത പ്രോജക്ടുകളുടെ നിർവ്വഹണത്തിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാകേണ്ടിയിരുന്ന ഭൗതികനേട്ടം നിഷേധിക്കപ്പെടുകയും ചെയ്തു. മരാമത്ത് പദ്ധതികൾ നടത്തിപ്പിലാക്കാത്തത് സംബന്ധിച്ച് നല്കിയ എൻക്വയറി നമ്പർ 22 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ പ്രവൃത്തികൾ തൊട്ടടുത്ത സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കാൻ വേണ്ട അടിയന്തിര നടപടികൾ ഭരണസമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടാവേണ്ടതാണ്.

## 1-25 ഇ-ടെൻഡർ ഫീസ് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

അഞ്ചു ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. (28/9/13-ലെ ജി.ഒ (എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-

ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു).തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. പ്രസ്തുത ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾ, 2023-24 വർഷം ഇ-ടെണ്ടർ ഫീസിനത്തിൽ ലഭിച്ച /ലഭിക്കേണ്ട തുകയുടെ വിശദാംശങ്ങൾ എന്നിവ ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.ബാങ്ക് അക്കൗണ്ട് വിശദാംശങ്ങളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

## 1-26 ബയോഗ്യാസ് പ്ലാന്റ്-പ്രവൃത്തി പൂർത്തീകരിച്ചില്ല 76,354/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നമ്പർ – SO229/24

പ്രോജക്ടിന്റെ പേര് - **കോട്ടുകാൽ എൽ.പി.എസിൽ ബയോഗ്യാസ് പ്ലാന്റ്**

നിർവ്വഹണ ഉദ്യോഗസ്ഥ - അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ തുക – 475000/-, ചെലവ് – 76354/- (Ch. NoC022464965947 Dtd.1/3/24)

Agreement No. – 40/AE/LSGD/KTL/22-23

2023-24 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ **കോട്ടുകാൽ എൽ.പി.എസിൽ ബയോഗ്യാസ് പ്ലാന്റ്** എന്ന പ്രവൃത്തിയുടെ പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ, പ്രവൃത്തിയുമായി ബന്ധപ്പെട്ട് 11.5.2023 ൽ കരാർ വച്ചിരുന്നിട്ടും പ്രസ്തുത പ്രോജക്റ്റ് നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത പ്രോജക്ടിന്റെ സ്ഥല പരിശോധനയിൽ (22.7.24) Civil Work പൂർത്തീകരിച്ചതായും Biogas Plant സ്ഥാപിക്കാതെയും കണ്ടു. പ്ലാന്റിൽ മലിനജലം കെട്ടികിടക്കുന്ന രീതിയിൽ കാണപ്പെട്ടു. പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്നതിനായി സ്കൂൾ കോമ്പൗണ്ടിനുള്ളിൽ സ്ഥാപിച്ചിരിക്കുന്ന ടാങ്ക് വളരെ ആഴമുള്ളതാണ്. സ്കൂളിൽ തുറന്ന നിലയിൽ ആഴത്തിൽ കാണപ്പെടുന്ന ടാങ്കിൽ മലിനജലം കെട്ടികിടന്ന് കൊതുക് മൂലം പകർച്ചവ്യാധികൾ ഉണ്ടാക്കും. കൂടാതെ ആഴത്തിലുള്ള ടാങ്കായതിനാൽ കുട്ടികളുടെ ജീവനു തന്നെ ഭീഷണി ഉണ്ടാക്കുന്നു. പ്രോജക്റ്റ് ഫയലിൽ, പ്രവൃത്തിയുമായി ബന്ധപ്പെട്ട Civil Work പൂർത്തീകരിച്ചതായും Biogas Plant സ്ഥാപിക്കേണ്ടത് Biotech കമ്പനിയാണെന്നും കരാറുകാരൻ കത്ത് നല്കിയിട്ടുണ്ട്. പ്രസ്തുത കത്തിന്മേൽ സ്വീകരിച്ച തുടർനടപടി വിവരം ഫയലിൽ ലഭ്യമല്ല. നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് ഭരണസമിതി അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ബയോഗ്യാസ് പ്ലാന്റ് പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ടി ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കരാർലംഘനത്തിന് കരാറുകാരനെതിരെ തുടർനടപടി സ്വീകരിക്കേണ്ടതും, പ്രവൃത്തി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 ഹരിത മിത്രം സ്മാർട്ട് ഗാർബേജ് ആപ്പ്-മോണിറ്ററിംഗ് ഫലപ്രദമല്ല.

പ്രോജക്റ്റ് നമ്പർ - (SO251/24)

പ്രോജക്ടിന്റെ പേര് – ഹരിത മിത്രം സ്മാർട്ട് ഗാർബേജ് ആപ്പ്
അടങ്കൽ തുക – 204900/- (മെയിന്റനൻസ് ഫണ്ട് – റോഡിതരം)

ചെലവ് വിവരം – Ch.No. 021942/Dtd. 21.2.24 Amt-204900/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

സ.ഉ.(സാധാ) 2307/2021/ത.സ്വ.ഭ.വ./18.11.2021 നമ്പർ ഉത്തരവ് പ്രകാരം സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിതകർമ്മ സേനകൾക്ക് സ്മാർട്ട് ഫോൺ, ഓഫീസ് ആവശ്യത്തിന് ലാപ്ടോപ്പ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവ്വീസ് ചാർജ്ജ് നൽകുന്നതിനും വേണ്ടി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിതകർമ്മ സേനകൾക്ക് ഓഫീസ് ആവശ്യത്തിന് ലാപ്ടോപ്പ്, QR കോഡുകൾ, കെൽട്രോണിന് സർവ്വീസ് ചാർജ്ജ് നൽകുന്നതിനും, എസ്.എം.എസ് ചാർജ്ജ് എന്നിവയ്ക്കായി 2023-24 സാമ്പത്തിക വർഷം 204900/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം എപ്രകാരം ആണ് പ്രവർത്തിക്കുന്നു എന്നും പ്രസ്തുത മോണിട്ടറിങ്ങിനായി ഏത് ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്നുമുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മറ്റിക്ക് റിപ്പോർട്ട് നൽകുകയോ ആയത് ആരോഗ്യസ്റ്റാന്റിങ്ങ് കമ്മിറ്റി പരിശോധിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടും ആരോഗ്യസ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ മിനുട്ട്സും ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നം. 27/24 ന്റെ മറുപടിയിൽ 90% വീടുകളിലും QR Code ഒട്ടിച്ച് എന്റോൾ ചെയ്തിട്ടുണ്ടെന്നും, ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ സ്മാർട്ട് ഗാർബേജ് മോണിറ്റർ ലോഗിൻ സെക്രട്ടറിക്കാണുള്ളതെന്നും ആയത്

മോണിറ്റർ ചെയ്യുന്നത് നോഡൽ ഓഫീസർ ആയ അസി.സെക്രട്ടറിയും വി.ഇ.ഒ യുമാണ് എന്നും അറിയിച്ചു. എന്നാൽ സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം ആപ് വഴിയുള്ള മോണിട്ടറിങ്ങ് സംബന്ധിച്ച രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. ഫലപ്രദമായി മോണിട്ടറിങ്ങ് നടത്തി റിപ്പോർട്ട് ആരോഗ്യസ്റ്റാന്റിങ്ങ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതും ആയിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-28 ലൈഫ് ഭവന പദ്ധതി-നിർമ്മാണം പൂർത്തിയായില്ല

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റിയെങ്കിലും നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക/തീയതി |
|---|---|---|
| ലൈഫ് ഭവന നിർമ്മാണം.(എസ്.സി) | ബിനു/ആശാ ബിന്ദു | 40000/16.03.2023 |
| | ശരണ്യ.ജെ.ചന്ദ് | 40000/16.03.2023 |
| ലൈഫ് ഭവന നിർമ്മാണം(ജനറൽ) | ചന്ദ്രിക | 40000/28.03.2023 |
| | ജയിൻമേരി | 40000/09.05.2023 |
| | ഉപകാരി മൈക്കിൾ | 40000/2022 |
| | ജസീന്ത | 40000/2022 |
| | സെൽവമേരി മുത്തപ്പൻ | 300000/2022 |
| | വിൻസെന്റ് | 360000/2021 |

ടി ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചിട്ടുണ്ടോ എന്നും ടി വിഷയത്തിൽ സ്വീകരിച്ച നടപടികളും വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം.29/20.07.2024 ന് മറുപടി ലഭ്യമാക്കിയില്ല. ഭവന നിർമ്മാണം പൂർത്തിയാക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-29 മാലിന്യമുക്ത കേരളം ഹരിതകർമ്മസേന മുഖേന ഗ്രാമപഞ്ചായത്ത് നടത്തുന്ന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ

സംസ്ഥാനത്തിന്റെ രൂക്ഷമായ മാലിന്യ പ്രശ്നത്തിന് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് രൂപീകരിച്ച സംവിധാനമാണ് ഹരിതകർമ്മസേന.സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ വികസന മിഷനുകളുടെയുംതദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ സ്വകാര്യ സർക്കാർ ഏജൻസികളുടെയും സംയുക്താഭിമുഖ്യത്തിലും സഹായത്തോടെയുമാണ് ഹരിതകർമ്മസേന പ്രവർത്തനം നടത്തുന്നത്.മാലിന്യത്തെ വരുമാനം ആക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഹരിതകർമ്മസേന രൂപീകരിക്കപ്പെട്ടിട്ടുള്ളത്.സംസ്ഥാനത്തിന്റെ സാഹചര്യത്തിന് അനുസൃതമായി മാലിന്യ ശേഖരണവും സംസ്കരണവും വികേന്ദ്രീകരിക്കുകയും അതോടൊപ്പം അവയിൽ നിന്ന് വരുമാനം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് അടിസ്ഥാന ലക്ഷ്യം.

ഗ്രാമ പഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഹരിതകർമ്മസേന ഓഡിറ്റ് വർഷം നടത്തിയ പ്രവർത്തനങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും ഇതുമായി ബന്ധപ്പെട്ട് 20.07.2024ന് നല്കിയ 18 ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി/വി.ഇ.ഒ ലഭ്യമാക്കിയ മറുപടിയിലെ വിവരങ്ങൾ, എന്നിവയുടെ അടിസ്ഥാനത്തിലും തയ്യാറാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

### മാലിന്യ ശേഖരണം,മിനിഎം.സി.എഫ്,എം.സി.എഫ്,ആർ.ആർ.എഫ്

ആകെ 19 വാർഡുകൾ ഉള്ള കോട്ടുകാൽ പഞ്ചായത്തിലെ ആകെ ജനസംഖ്യ 36336 ആണ്.9020 വാസ ഗൃഹങ്ങളും 867 സ്ഥാപനങ്ങളും 1 പൊതു ചന്തയും 3 ഓഡിറ്റോറിയങ്ങളും പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു.മാലിന്യ ശേഖരണത്തിനായി 31 മിനി എം.സി.എഫുകളും ഒരു എം.സി.എഫും പ്രവർത്തിക്കുന്നു.അതിയന്നൂർ ബ്ലോക്കിലാണ് ആർ.ആർ.എഫ് പ്രവർത്തിക്കുന്നത്.എം.സി.എഫിൽ ബെയലിംഗ് മെഷീൻ, സോർട്ടിംഗ് ടേബിൾ എന്നിവ സ്ഥാപിക്കുകയും സോർട്ടിംഗ് ഏരിയ വേർതിരിക്കുകയും ചെയ്തിട്ടില്ല . എന്നാൽ ടിപ്പിംഗ് ഏരിയ, മെഷീണറി ഏരിയ സ്റ്റോറേജ് ഏരിയ എന്നിവ വേർതിരിച്ചിട്ടുണ്ട് .എം.സി.എഫിൽ അടിസ്ഥാന സൗകര്യങ്ങൾ, ഉറപ്പാക്കുന്നതിനാവശ്യമായ സർക്കാർ നിർദ്ദേശപ്രകാരമുള്ള {സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023} പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.ഹരിതകർമ്മസേന മുഖേന ശേഖരിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ക്ലീൻ കേരള കമ്പനിയുമായാണ് ഗ്രാമപഞ്ചായത്ത് കരാർ ചമച്ചിട്ടുള്ളത്. 2023-24 വർഷത്തെ മാലിന്യ നീക്കത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ശേഖരിച്ച ആകെ മാലിന്യത്തിന്റെ അളവ് | 20796.29 Kg |
| കരാർ സ്ഥാപനത്തിന് തരം തിരിച്ച് നൽകിയ മാലിന്യത്തിന്റെ/ | 12601.29kg |

| | |
|---|---|
| പാഴ്വസ്തുക്കളുടെ അളവ് | |
| തരം തിരിക്കാതെ നൽകിയ മാലിന്യത്തിന്റെ (ലെഗസി) അളവ് | 5025 Kg |
| മാലിന്യം/ പാഴ്വസ്തുക്കൾ വിറ്റ വകയിൽ ലഭിച്ച തുക | 8589 |
| ലെഗസി മാലിന്യം ഏറ്റെടുത്ത വകയിൽ കരാർ സ്ഥാപനത്തിന് നൽകിയ തുക | |

ഖരമാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് Neo Agency എന്ന സഹായ സ്ഥാപനവുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ട് പ്രവർത്തിച്ചു വരുന്നു. ഓഡിറ്റ് വർഷം മേൽപ്പറഞ്ഞ സ്ഥാപനത്തിന് കൺസൾട്ടിംഗ് ഫീ നൽകിയിട്ടില്ല.ക്ലീൻ കേരള കമ്പനി സമയബന്ധിതമായി മാലിന്യങ്ങൾ ഷിഫ്റ്റ് ചെയ്യാത്തതിനാൽ അവ എം.സി.എഫിൽ കെട്ടിക്കിടക്കാൻ സാധ്യതയുള്ളതിനാൽ 100% വാതിൽപ്പടി ശേഖരണം നടത്താൻ കഴിഞ്ഞിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

**ആപത്കരമായ മാലിന്യങ്ങൾ, ബയോ മെഡിക്കൽ മാലിന്യങ്ങൾ**

വ്യാപാര സ്ഥാപനങ്ങളിൽ ഉൾപ്പെടെ ആപത്കരമായ മാലിന്യം ശേഖരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് മുഖേന പ്രത്യേക ബിന്നുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല . ബയോ മെഡിക്കൽ മാലിന്യങ്ങൾ ബന്ധപ്പെട്ട ഏജൻസി (ഇമേജ്) മുഖാന്തിരമാണ് നിലവിൽ ശേഖരിച്ച് വരുന്നത്. കൂടാതെ നാപ്കിനുകൾ, സാനിട്ടറി പാഡുകൾ എന്നിവ സംസ്കരിക്കുന്നതിനുള്ള ഇൻസിനറേറ്ററും സ്ഥാപിച്ചിട്ടില്ല.

**ഹരിതമിത്രം ആപ്പ്, ഹരിത കർമ്മസേനയുടെ യൂസർ ഫീ, മറ്റ് വരവുകൾ**

ഹരിതമിത്രം പദ്ധതിയുടെ സർവ്വേ, ഡേറ്റാ കളക്ഷൻ എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്.ഹരിത മിത്രം ആപ്പ് നടപ്പിലാക്കുന്നതിനായി 2023-24 വർഷം തുക കെൽട്രോണിന് കൈമാറിയതായും ആപ്പ് പൂർണ്ണമായും പ്രവർത്തന സജ്ജമായിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.സ.ഉ.(സാധാ) നം.2481/2023/LSGD തീ.13.12.2023 പ്രകാരമുള്ള വിവിധ വിഭാഗത്തിൽപ്പെട്ടവർക്ക് ഗ്രാമസഭ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ യൂസർ ഫീ ഇളവ് നൽകാത്തതിനാൽ പ്രസ്തുത ഫീസിന് ആനുപാതികമായ തുക ഗ്രാമപഞ്ചായത്തിൽ നിന്നും ഹരിതകർമ്മസേനയ്ക്ക് നൽകി വരുന്നില്ല. പൊതു പരിപാടികൾ, ആഘോഷങ്ങൾ, മീറ്റിംഗുകൾ, ഓഡിറ്റോറിയങ്ങൾ എന്നിവിടങ്ങളിലെ അധിക മാലിന്യ ശേഖരണത്തിനും, ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനും യൂസർ ഫീ ഈടാക്കി സേവനം നൽകുന്നതിനും 2023-24 വർഷം ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല.ഓഡിറ്റ് വർഷം യൂസർഫീ ഇനത്തിൽ 5406105 രൂപയും ഹരിത ചട്ട ലംഘനങ്ങളുടെ പിഴ ഈടാക്കിയ വകയിൽ 15000 രൂപയും പാഴ്വസ്തുക്കൾ വിറ്റ വകയിൽ 8589 രൂപയും ലഭിച്ചിട്ടുണ്ട്.ശരാശരി 10,000 രൂപ മാസവരുമാനം ഹരിതകർമ്മസേന അംഗങ്ങൾക്ക് ഉറപ്പാക്കണമെന്ന് നിർദ്ദേശിച്ചെങ്കിലും ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 38 അംഗങ്ങളിൽ 22 അംഗങ്ങൾക്ക് മാത്രമാണ് 2023-24 വർഷത്തിൽ പ്രസ്തുത മാസ വരുമാനം നൽകിയിട്ടുള്ളത്. ഹരിത കർമ്മസേനയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ.ഉ. (സാധാ) നം. 1496/2020/LSGD തീ. 12.08.2020 ഖണ്ഡിക 13, 14 എന്നിവ പ്രകാരമുള്ള സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തേണ്ടതാണ്.

**മാലിന്യ ചട്ടങ്ങളുടെ ലംഘനം**

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട സർക്കാർ/കോടതി ഉത്തരവുകളുടെയും ചട്ടങ്ങളുടെയും നിയമങ്ങളുടെയും ലംഘനം കണ്ടെത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർ, അസി.സെക്രട്ടറി,ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, സെക്ഷൻ ക്ലാർക്ക്, വിഇഒ മാർ, ശുചിത്വമിഷൻ റിസോഴ്സ് പേഴ്സൺ എന്നിവരടങ്ങിയ പ്രത്യേക വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട് 2023-24 സാമ്പത്തിക വർഷത്തിൽ മാലിന്യച്ചട്ടങ്ങൾ ലംഘിച്ച വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും പിഴ ഇനത്തിൽ 15000 രൂപ പിരിച്ചെടുത്തിട്ടുണ്ട്. കൂടാതെ മാലിന്യച്ചട്ടങ്ങൾ ലംഘിച്ചവർക്കെതിരെ നോട്ടീസുകളും മുന്നറിയിപ്പ് കത്തുകളും ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്.

**പൊതു ഇടങ്ങളിലെയും, ജല സ്ത്രോതസ്സുകളിലെയും മാലിന്യം നീക്കം ചെയ്യൽ**

പൊതു ഇടങ്ങളിലും ജല സ്രോതസ്സിലുമുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന്റെ ഭാഗമായി അമ്പലത്തുംമൂല കരിച്ചൽ കായലിന് സമീപത്തെ മാലിന്യം,ഉച്ചക്കട പൊതു മാർക്കറ്റിലെ മാലിന്യം എന്നിവ നീക്കം ചെയ്തിട്ടുണ്ട്.

**ബോധവത്കരണം**

ഖരമാലിന്യ ചട്ടങ്ങൾ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനായി ഹരിത സഭ,സോഷ്യൽ ഓഡിറ്റ്,കുട്ടികളുടെ ഹരിത സഭ,ഹരിത വിദ്യാലയം-ശുചിത്വ ക്ലബ്ബ് രൂപീകരണം എന്നീ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.കൂടാതെ എല്ലാ വാർഡുകളിലും ക്ലബ്ബുകൾ,പൊതു ജന കൂട്ടായ്മകൾ,യുവജന സംഘടനകൾ എന്നിവയുടെ സഹായത്തോടെ ക്ലീൻ ഡ്രൈവ് സംഘടിപ്പിച്ചിട്ടുണ്ട്.

**മോണിറ്ററിംഗ്**

പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനാവശ്യമായ സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നതിന്റെ ഭാഗമായി എം.സി.എഫിലാണ് 4 സി.സി.ടി.വി ക്യമറകൾ സ്ഥാപിച്ചത്.പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് കണ്ടെത്താനായി ക്യാമറകൾ സ്ഥാപിച്ചിട്ടില്ല.ഹരിത കർമ്മസേന പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുന്നതിനായി ഹരിതമിത്രം ആപ്പ് വഴി ജനറേറ്റ് ചെയ്യുന്ന റിപ്പോർട്ടുകൾ ആഴ്ചയിലൊരിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അവലോകനം ചെയ്യേണ്ടതും വാർഡ് അടിസ്ഥാനത്തിലുള്ള റിപ്പോർട്ടുകൾ, വാർഡ് മെമ്പർമാർക്ക് നൽകേണ്ടതുമാണ് എന്നാൽ 2023-24 വർഷം ഇപ്രകാരം മേൽ ഉത്തരവ് പ്രകാരമുള്ള മോണിറ്ററിംഗ് നടപടികൾ പൂർണമായും ഗ്രാമപഞ്ചായത്തിൽ സ്വീകരിച്ചിട്ടില്ല. ഹരിതമിത്രം ആപ്പ് പൂർണമായും നടപ്പാക്കി ഗ്രാമപഞ്ചായത്ത് തലത്തിലുള്ള മോണിറ്ററിംഗ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതും ഗ്രാമപഞ്ചായത്തിനെ മാലിന്യ മുക്തമാക്കുന്നതിനുള്ള നടപടികൾ കാര്യക്ഷമമാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വീട്ട് വാടക ബത്ത ₹2,21,457/- അധികമായി അനുവദിച്ചു - ചെലവ് നിരാകരിക്കുന്നു

GO(P).7/2016/Fin Dt.21.07.2016 പ്രകാരമുള്ള പത്താം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം, കോട്ടുകാൽ പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന കോട്ടുകാൽ പഞ്ചായത്ത് പ്രദേശം തിരുവനന്തപുരം നഗരത്തിന്റെ 1 കിലോമീറ്റർ ചുറ്റളവിൽ ഉൾപ്പെട്ടതിനാൽ ബി2 ക്ലാസ് ശ്രേണിയിലുള്ള വീട്ട് വാടക അലവൻസാണ് (HRA) നൽകിവന്നിരുന്നത്. 10.02.2021 തീയതിയിലെ പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് G.O.(P) നം.27/2021/Fin ഖണ്ഡിക 12 പ്രകാരം പഞ്ചായത്തുകളെ HRA അനുവദിക്കുന്നതിലേക്കായി ക്ലാസ് ഡി പ്രദേശമായി കണക്കാക്കിയിട്ടുണ്ട്. ആയത് പ്രകാരം പഞ്ചായത്ത് ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിന്റെ 4 ശതമാനമാണ് വീട്ട് വാടക അലവൻസായി (HRA) അനുവദനീയമായത്. പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം കോർപ്പറേഷൻ പരിധിക്ക് 1 കിലോമീറ്റർ ചുറ്റളവിൽ ജോലി ചെയ്യുന്നവരിൽ പത്താം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം കോർപ്പറേഷൻ നിരക്കിൽ HRA വാങ്ങി വന്നിരുന്നവർക്ക് അപ്രകാരം വാങ്ങി വന്ന HRAയുടെ 10% ഉയർത്തിയ തുകയോ, പരിഷ്കരിച്ച അടിസ്ഥാന ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ അനുവദനീയമായ (പഞ്ചായത്ത് പ്രദേശത്തിലാണെങ്കിൽ 4 ശതമാനം) തുകയോ- ഏതാണ് കൂടുതൽ- ആയത് വീട്ട് വാടക അലവൻസായി (HRA) നിശ്ചയിച്ചിട്ടുണ്ട്.

എന്നാൽ ടി ഉത്തരവിലെ നിബന്ധനകൾക്ക് വിരുദ്ധമായി കോട്ടുകാൽ പഞ്ചായത്തിൽ സെപ്റ്റംബർ 2023 മുതൽ ഫെബ്രുവരി 2024 വരെ കോർപ്പറേഷൻ നിരക്കിൽ അടിസ്ഥാന ശമ്പളത്തിന്റെ 10 ശതമാനം വീട്ട് വാടക അലവൻസ് (HRA) കണക്കാക്കി ജീവനക്കാർക്ക് തെറ്റായി അനുവദിച്ചതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| HRA DETAILS FOR THE MONTH OF SEPTEMBER 2023 | | | | | | | |
|---|---|---|---|---|---|---|---|
| **SL. No.** | **Name** | **Designation** | **Basic Pay** | **HRA Paid** | **HRA Eligible** | **Excess HRA Paid** | **Cheque No./Date** |
| 1 | Bindu Puthiyaveetil | Secretary | 73600 | 7360 | 2944 | 4416 | 020514/04.102023 |
| 2 | Jeothy J | JS | 62200 | 6220 | 2488 | 3732 | |
| 3 | Anilkumar R | Asst Secretary | 59300 | 5930 | 2372 | 3558 | |
| 4 | Premalatha K | Accountant | 50200 | 5020 | 2008 | 3012 | |
| 5 | Saritha T | Senior Clerk | 41300 | 4130 | 1652 | 2478 | |
| 6 | Sajesh Kumar | Senior Clerk | 38300 | 3830 | 1532 | 2298 | |
| 7 | Sreedevi B.S | Senior Clerk | 38300 | 3830 | 1532 | 2298 | |
| 8 | Dhanya K.S | Clerk | 49000 | 4900 | 1960 | 2940 | |
| 9 | Remya L.R | Clerk | 4866.67 | 220 | 194.6668 | 26 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 10 | Vishnu S.S | Clerk | 36500 | 3650 | 1460 | 2190 | |
| 11 | Subin S.V | Clerk | 30300 | 3030 | 1212 | 1818 | |
| 12 | Arathy R Babu | Clerk | 27200 | 2720 | 1200 | 1520 | |
| 13 | Vishnu Kumar SU | Driver | 27900 | 2790 | 1200 | 1590 | |
| 14 | Lekshmi G.J | Office Attendant | 27900 | 2790 | 1200 | 1590 | |
| 15 | Sudhin S | Office Attendant | 23000 | 2370 | 1200 | 1170 | |
| 16 | T.Anitha | Nursery Teacher | 25800 | 2580 | 1650 | 930 | |
| | | | | | | **35566** | |

**HRA DETAILS FOR THE MONTH OF OCTOBER 2023**

| SL. No. | Name | Designation | Basic Pay | HRA Paid | HRA Eligible | Excess HRA Paid | Cheque No.&Date |
|---|---|---|---|---|---|---|---|
| 1 | Bindu Puthiyaveetil | Secretary | 73600 | 7360 | 2944 | 4416 | 9038148/ 01.11.2023 |
| 2 | Jeothy J | JS | 62200 | 6220 | 2488 | 3732 | |
| 3 | Anilkumar R | Asst Secretary | 59300 | 5930 | 2372 | 3558 | |
| 4 | Premalatha K | Accountant | 50200 | 5020 | 2008 | 3012 | |
| 5 | Saritha T | Senior Clerk | 41300 | 4130 | 1652 | 2478 | |
| 6 | Sajesh Kumar | Senior Clerk | 38300 | 3830 | 1532 | 2298 | |
| 7 | Sreedevi B.S | Senior Clerk | 38300 | 3830 | 1532 | 2298 | |
| 8 | Dhanya K.S | Clerk | 49000 | 4900 | 1960 | 2940 | |
| 9 | Vishnu S.S | Clerk | 36500 | 3650 | 1460 | 2190 | |
| 10 | Subin S.V | Clerk | 30300 | 3030 | 1212 | 1818 | |
| 11 | Arathy R Babu | Clerk | 27200 | 2720 | 1200 | 1520 | |
| 12 | Aneesh M.V | Clerk | 27200 | 2720 | 1200 | 1520 | |
| 13 | Vishnu Kumar SU | Driver | 28700 | 2870 | 1200 | 1670 | |
| 14 | Lekshmi G.J | Office Attendant | 27900 | 2790 | 1200 | 1590 | |
| 15 | Sudhin S | Office Attendant | 23000 | 2370 | 1200 | 1170 | |
| 16 | T.Anitha | Nursery Teacher | 25800 | 2580 | 1650 | 930 | |
| | | | | | | **37140** | |

**HRA DETAILS FOR THE MONTH OF NOVEMBER 2023**

| SL. No. | Name | Designation | Basic Pay | HRA Paid | HRA Eligible | Excess HRA Paid | Cheque No.& Date |
|---|---|---|---|---|---|---|---|
| 1 | Bindu Puthiyaveetil | Secretary | 73600 | 7360 | 2944 | 4416 | 9038151/ 02.12.2023 |
| 2 | Jeothy J | JS | 62200 | 6220 | 2488 | 3732 | |
| 3 | Anilkumar R | Asst Secretary | 59300 | 5930 | 2372 | 3558 | |
| 4 | Premalatha K | Accountant | 50200 | 5020 | 2008 | 3012 | |
| 5 | Saritha T | Senior Clerk | 41300 | 4130 | 1652 | 2478 | |
| 6 | Sajesh Kumar | Senior Clerk | 38300 | 3830 | 1532 | 2298 | |
| 7 | Sreedevi B.S | Senior Clerk | 39300 | 3930 | 1572 | 2358 | |
| 8 | Dhanya K.S | Clerk | 49000 | 4900 | 1960 | 2940 | |
| 9 | Vishnu S.S | Clerk | 36500 | 3650 | 1460 | 2190 | |
| 10 | Subin S.V | Clerk | 30300 | 3030 | 1212 | 1818 | |
| 11 | Arathy R Babu | Clerk | 27200 | 2720 | 1200 | 1520 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 12 | Aneesh M.V | Clerk | 27200 | 2720 | 1200 | 1520 | |
| 13 | Vishnu Kumar SU | Driver | 28700 | 2870 | 1200 | 1670 | |
| 14 | Lekshmi G.J | Office Attendant | 27900 | 2790 | 1200 | 1590 | |
| 15 | Sudhin S | Office Attendant | 11500 | 1185 | 460 | 725 | |
| 16 | T.Anitha | Nursery Teacher | 25800 | 2580 | 1650 | 930 | |
| | | | | | | **36755** | |

**HRA DETAILS FOR THE MONTH OF DECEMBER 2023**

| SL. No. | Name | Designation | Basic Pay | HRA Paid | HRA Eligible | Excess HRA Paid | Cheque No& Date |
|---|---|---|---|---|---|---|---|
| 1 | Bindu Puthiyaveetil | Secretary | 75400 | 7540 | 3016 | 4524 | 9038154/ 01.1.2024 |
| 2 | Jeothy J | JS | 62200 | 6220 | 2488 | 3732 | |
| 3 | Anilkumar R | Asst Secretary | 59300 | 5930 | 2372 | 3558 | |
| 4 | Premalatha K | Accountant | 50200 | 5020 | 2008 | 3012 | |
| 5 | Saritha T | Senior Clerk | 41300 | 4130 | 1652 | 2478 | |
| 6 | Sajesh Kumar | Senior Clerk | 38300 | 3830 | 1532 | 2298 | |
| 7 | Sreedevi B.S | Senior Clerk | 39300 | 3930 | 1572 | 2358 | |
| 8 | Dhanya K.S | Clerk | 49000 | 4900 | 1960 | 2940 | |
| 9 | Vishnu S.S | Clerk | 37400 | 3740 | 1496 | 2244 | |
| 10 | Subin S.V | Clerk | 30300 | 3030 | 1212 | 1818 | |
| 11 | Arathy R Babu | Clerk | 27200 | 2720 | 1200 | 1520 | |
| 12 | Aneesh M.V | Clerk | 27200 | 2720 | 1200 | 1520 | |
| 13 | Vishnu Kumar SU | Driver | 28700 | 2870 | 1200 | 1670 | |
| 14 | Lekshmi G.J | Office Attendant | 27900 | 2790 | 1200 | 1590 | |
| 15 | Sandra R Shyju | Office Attendant | 23000 | 2300 | 1200 | 1100 | |
| 16 | T.Anitha | Nursery Teacher | 25800 | 2580 | 1650 | 930 | |
| | | | | | | **37292** | |

**HRA DETAILS FOR THE MONTH OF JANUARY 2024**

| SL. No. | Name | Designation | Basic Pay | HRA Paid | HRA Eligible | Excess HRA Paid | Cheque No&Date |
|---|---|---|---|---|---|---|---|
| 1 | Bindu Puthiyaveetil | Secretary | 75400 | 7540 | 3016 | 4524 | 021926/ 02.02.2024 |
| 2 | Jeothy J | JS | 62200 | 6220 | 2488 | 3732 | |
| 3 | Anilkumar R | Asst Secretary | 59300 | 5930 | 2372 | 3558 | |
| 4 | Premalatha K | Accountant | 50200 | 5020 | 2008 | 3012 | |
| 5 | Saritha T | Senior Clerk | 41300 | 4130 | 1652 | 2478 | |
| 6 | Sajesh Kumar | Senior Clerk | 39300 | 3930 | 1572 | 2358 | |
| 7 | Sreedevi B.S | Senior Clerk | 39300 | 3930 | 1572 | 2358 | |
| 8 | Dhanya K.S | Clerk | 49000 | 4900 | 1960 | 2940 | |
| 9 | Vishnu S.S | Clerk | 37400 | 3740 | 1496 | 2244 | |
| 10 | Subin S.V | Clerk | 30300 | 3030 | 1212 | 1818 | |
| 11 | Arathy R Babu | Clerk | 27200 | 2720 | 1200 | 1520 | |
| 12 | Aneesh M.V | Clerk | 27200 | 2720 | 1200 | 1520 | |
| 13 | Vishnu Kumar SU | Driver | 28700 | 2870 | 1200 | 1670 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 14 | Lekshmi G.J | Office Attendant | 27900 | 2790 | 1200 | 1590 | |
| 15 | Sandra R Shyju | Office Attendant | 23000 | 2300 | 1200 | 1100 | |
| 16 | T.Anitha | Nursery Teacher | 25800 | 2580 | 1650 | 930 | |
| | | | | | | **37352** | |

**HRA DETAILS FOR THE MONTH OF FEBRUARY 2024**

| SL. No. | Name | Designation | Basic Pay | HRA Paid | HRA Eligible | Excess HRA Paid | Cheque No.&Date |
|---|---|---|---|---|---|---|---|
| 1 | Bindu Puthiyaveetil | Secretary | 75400 | 7540 | 3016 | 4524 | 9038158/ 01.03.2024 |
| 2 | Jeothy J | JS | 62200 | 6220 | 2488 | 3732 | |
| 3 | Anilkumar R | Asst Secretary | 59300 | 5930 | 2372 | 3558 | |
| 4 | Premalatha K | Accountant | 50200 | 5020 | 2008 | 3012 | |
| 5 | Saritha T | Senior Clerk | 41300 | 4130 | 1652 | 2478 | |
| 6 | Sajesh Kumar | Senior Clerk | 39300 | 3930 | 1572 | 2358 | |
| 7 | Sreedevi B.S | Senior Clerk | 39300 | 3930 | 1572 | 2358 | |
| 8 | Dhanya K.S | Clerk | 49000 | 4900 | 1960 | 2940 | |
| 9 | Vishnu S.S | Clerk | 37400 | 3740 | 1496 | 2244 | |
| 10 | Subin S.V | Clerk | 30300 | 3030 | 1212 | 1818 | |
| 11 | Arathy R Babu | Clerk | 27200 | 2720 | 1200 | 1520 | |
| 12 | Aneesh M.V | Clerk | 27200 | 2720 | 1200 | 1520 | |
| 13 | Vishnu Kumar SU | Driver | 28700 | 2870 | 1200 | 1670 | |
| 14 | Lekshmi G.J | Office Attendant | 27900 | 2790 | 1200 | 1590 | |
| 15 | Sandra R Shyju | Office Attendant | 23000 | 2300 | 1200 | 1100 | |
| 16 | T.Anitha | Nursery Teacher | 25800 | 2580 | 1650 | 930 | |
| | | | | | | **37352** | |

ഇപ്രകാരം HRA ഇനത്തിൽ അധിക തുകയായി 2023-24 വർഷത്തിൽ ആകെ ₹ 2,21,457/- അനുവദിച്ചതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം.6/18.07.2024 നുള്ള മറുപടിയിൽ കോർപ്പറേഷൻ പരിധിയിൽ നിന്ന് 0 കി.മീ അകലെയാണ് പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്നു എന്ന് പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തി നൽകിയതിനാലാണ് ഉയർന്ന നിരക്കിലുള്ള HRA അനുവദിച്ചത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഉയർന്ന നിരക്കിലുള്ള HRA അനുവദിച്ചത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടി അംഗീകരിക്കാൻ കഴിയില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികമായി അനുവദിച്ച വീട്ട് വാടക അലവൻസ് (രൂപ 2,21,457/-) ഓഡിറ്റിൽ നിരാകരിക്കുന്നു. അധികമായി അനുവദിച്ച HRA തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിവരം

**സുലേഖ ചെലവ് പത്രിക പ്രകാരം**

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 581158 | 640000 | 195/24 ലൈഫ് ഭവന നിർമ്മാണം എസ്.സി | 640000 | 581158 |
| | | | 1000000 | 78/24 ലൈഫ് ഭവന നിർമ്മാണം എസ്.സി | **1000000** | |

| | | | | | | |
|---|---|---|---|---|---|---|
| | | | 562875 | 17/24 സ്നേഹ സ്പർശം | 562875 | |
| | | | 1366000 | 72/24 ഭവന നിർമ്മാണം ലൈഫ് ജനറൽ | 1366000 | |
| | | | 1412000 | 179/24 ഭവന നിർമ്മാണം ലൈഫ് | 1412000 | |
| | | | 527130 | 77/24 ക്ഷീര സമൃദ്ധി- പാലിന് ഇൻസന്റീവ് നൽകൽ | 527130 | |
| **ആകെ** | | **581158** | **5508005** | | **5508005** | **581158** |
| ജില്ലാ പഞ്ചായത്ത് | 2023-24 | 6150 | 42000 | 73/24 ഹരിതഭവനം | 42000 | 6150 |
| | | | 28000 | 195/24 ലൈഫ് ഭവന നിർമ്മാണം എസ്.സി | 640000 | |
| | | | 1000000 | 78/24 ലൈഫ് ഭവന നിർമ്മാണം എസ്.സി | - | |
| | | | 300000 | 77/24 ക്ഷീര സമൃദ്ധി – പാലിന് ഇൻസെന്റീവ് നൽകൽ | 300000 | |
| | | | 645000 | 291/24 ലൈഫ് ലിസ്റ്റിലുള്ള എസ്.സി. ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങൽ | - | |
| | | | 562875 | 17/24 സ്നേഹ സ്പർശം | 562875 | |
| | | | 2710000 | 72/24 ഭവന നിർമ്മാണം ലൈഫ് ജനറൽ | 2710000 | |
| | | | 510000 | 179/24 ഭവന നിർമ്മാണം ലൈഫ് | 510000 | |
| **ആകെ** | | **6150** | **4764875** | | **4764875** | **6150** |
| മുനിസിപ്പൽ കോർപ്പറേഷൻ | | 150000 | 886114 | | 1036114 | 0 |

**വാർഷിക ധനകാര്യ പത്രിക പ്രകാരം**

| | 2022-23 B-4,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | തൻവർഷത്തെ വരവ് (ലെഡ്ജർ പ്രകാരം) | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | 2023-24 B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 581158 | 5508005 | 6089163 | 5508005 | 581158 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 6150 | 4764875 | 4771025 | 4764875 | 6150 |
| മുനിസിപ്പൽ കോർപ്പറേഷൻ | 150000 | 886114 | 1036114 | 1036114 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

**വാർഷിക ധനകാര്യ പത്രിക പ്രകാരം**

| | 2022-23 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2023-24 വർഷത്തെ നിക്ഷേപം | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരം | നീക്കി യിരിപ്പ് | 2023-24 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 6876879 | - | - | - | - | 6876879 |

| | | | | | | |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 1124491 | - | - | - | - | 11383479 |
| പി.ഡബ്ല്യു.ഡി | 594750 | - | - | - | - | 594750 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ് നമ്പർ / തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക (RP -31 പ്രകാരം) | തൻവർഷം തിരിച്ചടച്ച തുക (സോഴ്സ് ഡിഡക്ഷൻ) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ( B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|
| KURDFC | ജി.ഒ(എം.എസ്) 68/18 തീയതി 15.05.2018 | 40239393 | 17391012 | 5265417 | 52364988 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ലഭ്യമാക്കിയില്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ലഭ്യമാക്കിയില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 3,36,66,183/- |
| ഓഡിറ്റ് വർഷത്തെ വരവ് | 9,27,65,048/- |
| ആകെ | 12,64,31,231/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,47,84,522/- |
| നീക്കിയിരിപ്പ് | 4,16,46,709/- |
| വരവിനങ്ങളിലുള്ള നഷ്ടം | Nil |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,21,457/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11,61,741/- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2,21,457/- | ശ്രീമതി ബിന്ദു.പി.വി, സെക്രട്ടറി |

**സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 1,06,058/- | ഡോ. ദിലീപ് ദാസ്.എസ്, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| 1-23 | 9,79,329/- | ശ്രീമതി ബിന്ദു.പി.വി, സെക്രട്ടറി |
| 1-26 | 76,354/- | ശ്രീമതി സുചിത്രലത, അസി. എഞ്ചിനീയർ |
| **ആകെ** | **11,61,741/-** | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

**എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം**.

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി ബിന്ദു.പി.വി, സെക്രട്ടറി | സെക്രട്ടറി, കോട്ടുകാൽ ഗ്രാമപഞ്ചായത്ത് | നവമാലിക മൈത്രിനഗർ, തിരുവല്ലം മൊബൈൽ – 9496040647 |
| 2 | ഡോ.ദിലീപ് ദാസ്.എസ് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, കോട്ടുകാൽ | 143/413 മണക്കാട് പി.ഒ, തിരുവനന്തപുരം. മൊബൈൽ – 8547849412 |
| 3 | ശ്രീമതി സുചിത്രലത | അസി. എഞ്ചിനീയർ, കോട്ടുകാൽ ഗ്രാമപഞ്ചായത്ത് | ASR ഭവൻ, കാഞ്ഞിരംവിള, മുക്കോല, മുല്ലൂർ പി.ഒ. മൊബൈൽ – 9496548471 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1997-98 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 2 |
| 2000-01 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 5 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 1 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 3 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 6 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 9 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 7 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 8 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 5 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 3 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 5 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/2349/2019 തീയതി 15.03.2019 | 8 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ /20 തീയതി 30.01.2021 | 50 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1848/21 തീയതി 23.02.2022 | 44 |

| | | |
|---|---|---|
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/791/2022 തീയതി 29.06.2022 | 38 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1799/2022 തീയതി03.02.2023 | 41 |
| 2022-23 | കെ.എസ്.എ.റ്റി.വി.എം./ജി.പി.4/1521/2023 തീയതി 09.11.2023 | എല്ലാ ഖണ്ഡികകളും |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2/1 dated 31-05-2024 and submitted on 07-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Kottukal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Kottukal Grama Panchayat as on 31-03-2024

**Date: 04/10/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Kottukal Grama Panchayat for the Year 2023-2024.

### 1.Major Observations

NIL

### 2.Other Observations

1.The following mandatory financial statements prescribed in accounting rules are not submitted for audit.

Annual ratios as per rule 62-2 (f) and Notes on accounts 62-2(E) of
Kerala Panchayat Raj Accounts Rules, 2011, comparative amounts for previous year as per
2(3) etc. have not been prepared and submitted with the annual financial statements.
2. Cash flow statement - Net increase/decrease in cashflow does not match with the
difference between the opening balance and closing balance of cash and cash equivalents.
3. Accumulated depreciation as per B-11 (a) exceeds the total facevalue of assets as per B-11 schedule.
4. No monthly demand raised in respect of revenues to be accounted on accrual basis.
5. No amount recorded in Balance Sheet B4-for Stock in hand (inventories).
6. Entries regrading demand & collection of profession tax and Property tax
amount in the Sanchaya DCB statement does not match with that shows in the AFS
7. Anomalies were noticed in the accounting of arrears of IFTE & OS License and Profession Tax.
8. Details regarding amount shown as directly debited by Bank in the reconciliation statement not produced for audit.

# അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്